M77:21 F9 PINGALA PARAMESWARA IYER

032: IM77:21
f9

1M77;21 F9
WARA AIYAR
MUL
055368

DOCTRINA VIM PROMOVET INSITAM

**Madras University Library.**

Call Number 032:1M77;21 F9

Accession Number 55368

Available for loan from

This book should be returned on or before the date last marked below.

| | | | |
|---|---|---|---|
| 5 MAY 1943 | | | |
| 29 AUG 1943 | | | |
| 16 DEC 1946 | | | |
| APR 1947 | | | |
| OCT 1948 | | | |
| 10 NOV 1950 | | | |
| 24 NOV 1950 | | | |
| 22 JUL 1954 | | | |
| 19 AUG 1960 | | | |
| 5 MAR 1985 | | | |
| ~~5/8/80~~ | | | |
| ~~14/6/95~~ | | | |

61

UNIVERSITY LIBRARY
P ... JAN 30
MADRAS

# പിങ്ഗള

ഉള്ളൂർ, എസ്. പരമേശ്വരയ്യർ.

Parameswara Iyer (U. S.)

ഒന്നാംപതിപ്പ കാപ്പി ൧൦൦൦.

ബി. വി. ബുക്ക്ഡിപ്പോ,

തിരുവനന്തപുരം.

൧൧൦൪

[വില ൧൨ ണ.

ഗ്രന്ഥകൎത്താവിന്റെ മുദ്രയില്ലാത്ത പ്രതി വ്യാജനിൎമ്മിതമാകുന്നു.

25962

"കമലാലയ" പ്രസ്

തിരുവനന്തപുരം

൧൧൦൪.

55368

032:1M77;21

F9

# അവതാരിക.

"ഉത്താൻപാദന്റെ പുത്രനും, ശിശുവുമായ ധ്രുവൻ ആറുമാസംകൊണ്ടു് ഭഗവാൻ ശ്രീനാരായണനെ പ്രസാദിപ്പിച്ചു. പരീക്ഷിത്തെന്ന മഹാരാജാവു് ഏഴുദിവസംകൊണ്ടും, പിങ്ഗള എന്ന സ്ത്രീ യാമാർദ്ധംകൊണ്ടും, ഖട്വാംഗനെന്ന മഹാരാജാവു് രണ്ടു നാഴികകൊണ്ടും ആണു് അവിടുത്തെ പ്രസാദിപ്പിച്ചതു്. അതിനാൽ ഭഗവൽഭക്തി കൂടാതെ തൊണ്ണൂറു വയസ്സായല്ലോ എന്നു വിചാരിച്ചു് ഞാൻ ദുഃഖിക്കുന്നില്ല. കാരുണ്യനിധിയായ ആ പരമാത്മാവിനെ ഇപ്പോൾ ശരണം പ്രാപിച്ചു ബാക്കിയുള്ള ആയുസ്സുകൊണ്ടു് സന്തോഷിച്ചുകൊള്ളാം." ഇതത്രേ ഞാൻ ഈ ഖണ്ഡകൃതിക്കു് മുദ്രാവാക്യമായി ഉദ്ധരിച്ചിരിക്കുന്ന ചേലപ്പറമ്പു നമ്പൂരിയുടെ ശ്ലോകത്തിന്റെ അർത്ഥം. ചേലപ്പറമ്പു നമ്പൂരി വളരെക്കാലം വിടനായി കാലയാപനം ചെയ്തിരുന്നുവെന്നും, ഒരിക്കൽ ഗുരുവായൂരമ്പലത്തിൽവെച്ചു്, ശ്രീമഹാഭാഗവതം ആദ്യന്തം വായിക്കുന്നതു കേൾക്കുവാൻ അദ്ദേഹത്തിനു സംഗതി വന്നു എന്നും, അക്കാലത്തു തൊണ്ണൂറുവയസ്സായിരുന്ന ആ മഹാകവിക്കു് അന്നാണു് ഭഗവദ്ഭക്തി പരിപൂർണ്ണമായതെന്നും, അപ്പോൾ ചൊല്ലിയ ശ്ലോകമാണു് ഇതെന്നും ഒരു ഐതിഹ്യമുണ്ടു്. മേൽപത്തൂർ ഭട്ടതിരി തന്നെ വിടനെന്നു് ആക്ഷേപിക്കുകയും അപ്പോൾ ചേലപ്പറമ്പു് ഈ ശ്ലോകം ചൊല്ലുകയും ചെയ്തു എന്നും,

ആ സമയത്തു് അടച്ചിരുന്ന ഗുരുവായൂരമ്പലത്തിലെ നട ഭട്ടതിരി കാണ്കെത്തന്നെ തുറന്നു എന്നും കേൾവിയുണ്ടു്. ഈ ഐതിഹ്യം മുഴുവൻ ശരിയല്ല എങ്കിലും ചേലപ്പറമ്പിലിന്റേതാണ് "അബ്ദാർദ്ധേന" ഇത്യാദി പദ്യം എന്നു വിശ്വസിക്കാം. വിഷ്ണുഭക്തി ആൎക്കും വളരെ വേഗത്തിൽ ലഭിക്കാവുന്നതാണെന്നും, അതിന് വയഃക്രമം മുതലായി യാതൊന്നും പ്രതിബന്ധമാകുന്നതല്ലെന്നും മാത്രമേ ഈ മഹാകവിവാക്യത്തിന്റെ സാരമായി നാം ഗ്രഹിക്കേണ്ടതുള്ളു.

ധ്രുവന്റേയും, പരീക്ഷിത്തിന്റേയും ഉപാഖ്യാനങ്ങൾ സർവ്വവിദിതങ്ങളാണല്ലോ. ഖട്വാംഗൻ സൂര്യ്യവംശത്തിലെ ഒരു രാജാവായിരുന്നു.

"തതോ ദശരഥസ്തസ്മാൽ
പുത്ര ഐഡവിഡസ്തതഃ
രാജാ വിശ്വസഹോ യസ്യ
ഖട്വാംഗശ്ചക്രവൎത്ത്യഭൂൽ."

എന്ന ഭാഗവതപദ്യത്തിൽനിന്ന് ഇദ്ദേഹം വിശ്വസഹന്റെ പുത്രനായിരുന്നു എന്നു വെളിവാകുന്നു. ഖട്വാംഗൻ ഒരു ദേവാസുരയുദ്ധത്തിൽ ദേവേന്ദ്രനെ സഹായിക്കുവാൻ സ്വൎഗ്ഗലോകത്തിൽ ചെന്നിരുന്നു എന്നും, താൻ അസുരന്മാരെ ജയിച്ച അവസരത്തിൽ തനിക്കു് രണ്ടുനാഴിക കൂടിയേ ജീവിതകാലമുള്ളു എന്ന് അദ്ദേഹം അറിഞ്ഞു എന്നും, ആ സമയംകൊണ്ടു ദൈവധ്യാനംചെയ്തു വിഷ്ണുലോകത്തെ പ്രാപിച്ചു എന്നുമാണ് ഈ ചക്രവൎത്തിയെപ്പററിയുള്ള കഥ.

പിങ്ഗള എന്ന വേശ്യയുടെ കഥ ശ്രീമഹാഭാഗവതം ഏകാദശസ്കന്ധം എട്ടാമദ്ധ്യായത്തിലും, ശ്രീമഹാഭാരതം ശാന്തിപർവ്വം ∴ നൂറെറഴുപത്തിനാലാമദ്ധ്യായത്തിലും പ്രതിപാദിച്ചുകാണുന്നുണ്ട്. ഭാഗവതത്തിൽ ശ്രീകൃഷ്ണൻ ഉദ്ധവൎക്കു മോക്ഷോപദേശം ചെയ്യുന്ന സന്ദൎഭത്തിൽ അവധൂതനും യദുവും തമ്മിലുള്ള സംവാദം പ്രാസംഗികമായി ഉദ്ധരിക്കുന്നു:—

"അവധൂതം ദ്വിജം കഞ്ചി-
ച്ചരന്തമകുതോഭയം
കവിം നിരീക്ഷ്യ തരുണം
യദുഃ പപ്രച്ഛ ധൎമ്മവിൽ."

എന്നിങ്ങനെയത്രേ ആ കഥ ഭഗവാൻ ആരംഭിക്കുന്നതു്. അവധൂതൻ തന്റെ ബുദ്ധി പെരുമ്പാമ്പു മുതലായ ഒമ്പതു ഗുരുക്കന്മാരിൽ നിന്നാണു് ശിക്ഷിതമായതെന്നു് ഉപന്യസിച്ചുകൊണ്ടു്, ആ ഗുരുക്കന്മാരിൽ ഒമ്പതാമതായ പിങ്ഗളയുടെ ഇതിഹാസം സംക്ഷേപിച്ചു് ഇരുപത്തിരണ്ടു ശ്ലോകംകൊണ്ടു കീൎത്തനം ചെയ്യുന്നു. ആകെ ഇരുപത്തിനാലു ഗുരുക്കന്മാരെയാണു് അവധൂതൻ പരിഗണനം ചെയ്യുന്നതു്. അവരിൽ എട്ടു പേരെപ്പററി ഏഴാമദ്ധ്യായത്തിലും, ഒമ്പതു പേരെപ്പററി എട്ടാമദ്ധ്യായത്തിലും, ഏഴു പേരെപ്പററി ഒമ്പതാമദ്ധ്യായത്തിലും പ്രസ്താവിക്കുന്നുണ്ടു്.

ഭാരതത്തിൽ പുത്രശോകാൎത്തനായ സേനജിത്തു് എന്ന രാജാവിനെ സമാശ്വസിപ്പിക്കുവാൻവേണ്ടി ഒരു

ബ്രാഹ്മണൻ പറയുന്ന കഥകളുടെ കൂട്ടത്തിലാകുന്നു പിങ്ഗളോപാഖ്യാനം കാണുന്നതു്.

"പുത്രശോകാഭിസന്തപ്തം
രാജാനം ശോകവിഹ്വലം
വിഷണ്ണമനസം ദൃഷ്ട്വാ
വിപ്രോ വചനമബ്രവീൽ."

എന്നു് വ്യാസഭഗവാൻ ആ ഉപാഖ്യാനം ആരംഭിച്ചു്,

"അത്ര പിങ്ഗളയാ ഗീതാ
തഥാ ശ്രൂയന്തി പാൎത്ഥിവ!
യഥാ സാ കൃച്ഛ്രകാലേപി
ലേഭേ ധൎമ്മം സനാതനം."

എന്ന പദ്യത്തിൽ പിങ്ഗളയുടെ ഇതിഹാസം തുടങ്ങുന്നു. ഇതിഹാസം രണ്ടും, ഗാഥ ആറും, ഇങ്ങനെ എട്ടു പദ്യങ്ങളേ ഭാരതത്തിലെ പിങ്ഗളോപാഖ്യാനത്തിൽ ഉള്ളു. ഭീഷ്മർതന്നെ "അത്രാപ്യുദാഹരന്തീമമിതിഹാസം പുരാതനം" എന്നു പറയുന്നതിൽനിന്നു മഹാഭാരതകാലത്തിൽ—അതായതു് ഇന്നേക്കു മൂവായിരം കൊല്ലങ്ങൾക്കുമുമ്പു—തന്നെ ഈ ജീവന്മുക്തയുടെ അത്യത്ഭുതമായ ജീവചരിത്രം ഭാരതവൎഷത്തിൽ ഒരു ഭാസുരദീപംപോലെ പ്രകാശിച്ചിരുന്നു എന്നു വ്യക്തമാകുന്നുണ്ടു്.

പിങ്ഗളോപാഖ്യാനം ഒരു കാവ്യമായി ഇതിനുമുമ്പു് ആരും രചിച്ചിട്ടുള്ളതായി അറിവില്ല. ഭാഗവതം ഏകാദശസ്കന്ധം ഇരുപത്തിമൂന്നാമദ്ധ്യായത്തിലും, ഭാരതം

ശാന്തിപർവ്വം നൂറ്റെഴുപത്തേഴാമദ്ധ്യായത്തിലും ഉപന്യസിക്കപ്പെട്ടിട്ടുള്ള ഭിക്ഷുഗീതയെന്ന മങ്കിഗീതയെ പുരസ്കരിച്ച് ഒരു കാവ്യം മഹാരാഷ്ട്രഭാഷയിൽ ഏകനാഥകവി നിർമ്മിച്ചിട്ടുണ്ട്.

ശാന്തരസപ്രധാനമായ ഈ ഖണ്ഡകാവ്യം ഭാഷാഭിമാനികൾക്ക് ഉപായനീകരിച്ചുകൊണ്ട് ഈ അവതാരികയെ ഇവിടെ അവസാനിപ്പിച്ചുകൊള്ളുന്നു. പിങ്ഗളയുടെ പോലും യാമാർദ്ധത്തിൽ മാർഗ്ഗദർശകമായ്ത്തീർന്ന ആ സനാതനധർമ്മം എന്നെന്നും സർവോൽക്കർഷേണ വർത്തിക്കുമാറാകട്ടെ.

തിരുവനന്തപുരം,<br>1104—4—9. } ഉള്ളൂർ എസ്. പരമേശ്വരയ്യർ.

———(o)———

അബ്ദാദ്യേന ഹരിം പ്രസന്നമകരോ–

ദൌത്താനപാദിശ്ശിശ്ശു;–

സ്സപ്താഹേന നൃപഃ പരീക്ഷി;ദബലാ

യാമാർദ്ധതഃ പിങ്ഗളാ;

ഖട്വാങ്ഗോ ഘടികാദ്വയേന; നവതി–

പ്രായോപി തന്നാ വ്യഥേ;

തം കാരുണ്യനിധിം പ്രപദ്യ ശരണം

ശേഷായുഷാ തോഷയേ.

ചേലപ്പറമ്പു നമ്പൂതിരി.

UNIVERSITY LIBRARY 31 JAN 1930 MADRAS

# പിങ്ഗള

൧. വാസരനാഥന്നു വസാന്തം വായ്ക്കവേ,
വാസന്തമാമൊരു സായാഹ്നത്തിൽ,
വാസവദിഗ്വധു രാകേന്ദുമൂർത്തന്നു
വാസകസജ്ജികയായ് വസിച്ചു.
കാർവളർക്കുന്തലിൽ താരപ്പൂ ചൂടുമ-
പ്പാർവ്വണചന്ദ്രബിംബാസ്യയായോൾ,
വാരൊളിവെൺകതിർപ്പുഞ്ചിരിച്ചാർത്തിനാൽ
പാരൊരു പാൽക്കടലാക്കിനിന്നു.

൨. അമ്മാതിരിക്കുള്ള പൂനിലാവങ്ങെഴും
വെൺമാടമോരോന്നിൽ വീശിടുമ്പോൾ,
ഏതതിലേതിന്നു ഭൂഷണമെന്നത്രേ
ചോദിപ്പൂ വൈദേഹരാജധാനി!

൩. അത്തരം മിന്നിടും ഹർമ്മ്യങ്ങൾക്കൊക്കെയു-
മുത്തംസമാമൊരു നവ്യസൗധം,
വാച്ചുത്തുങ്ഗപ്പുരിമങ്കതൻ ഗണ്ഡത്തിൽ
രാപ്പകൽ കർപ്പൂരപൂരം പൂശി.

൪.　ഉത്തുങ്ഗമാകുമപ്രാസാദശൃങ്ഗത്തിൻ
സപ്തമകക്ഷ്യതൻ ജന്നല്ക്കൂടെ,
എമ്പാടും മുന്നിലേ രഥ്യയെ്ദ്ദൃഷ്ടിയാൽ
സംഭാവനംചെയ്യതാരതാവോ?
രാകേന്ദുമണ്ഡലമൊന്നല്ലീ? രണ്ടെങ്കി-
ലേകം—പ്രതിച്ഛന്ദം-ഏതതിങ്കൽ?
താഴോട്ടു പോന്നതെന്തമ്പിളി? കൈവിട്ട
കേഴമാൻകുഞ്ഞിനെത്തേടുകയോ?

൫.　പാഴ്മതിയല്ലതു; വർത്തുളശ്രീയാന്ന
വാർമഴവില്ലൊളിമിന്നലല്ല;
ഹീരകദീപവുമ;ല്ലൊരു സൌന്ദര്യ-
പാരമ്യധാമത്തിൻ ഭാസുരാസ്യം.
തൻകുളിർപ്പുഞ്ചിരിയാമ്പലും മേൽക്കുമേൽ
തൻകടക്കൺകരിങ്കുവളവും
വീഥിയിൽ വാഴ്ത്തിക്കയാണമ്മുഖേന്ദു;—ഇ-
ത്തേതൊരു രങ്ഗപുഷ്പാഞ്ജലിയോ?

*　　*　　*　　*

## II

൬.　ഉത്തരമൈഥിലവീഥിയിലുണ്ടൊരു
പത്തരമാറെറാളിത്തങ്കമെയ്യാൾ;

മാഹേന്ദ്രജാലത്തിൽ മന്മഥൻവീശിന
മായൂരപിഞ്ഛികയെന്നപോലെ.

൬. സർവ്വാങ്ഗഭങ്ഗിക്കു സങ്കേതഭൂമിയായ്;
യൌവനലീലയ്ക്കു വാരുണിയായ്;
ലാവണ്യലക്ഷ്മിക്കു വിഭ്രമദോലയായ്;
ഭാവഹാവാദിക്കു നൃത്തരങ്ഗമായ്;
പാരിന്നു വേധസ്സിൻ സ്ത്രീസൃഷ്ടികൌശല-
പാരമ്യം കാണിക്കും ദീപികയായ്;
ഭൃങ്ഗാരമേന്തുവാൻ പൂമകൾ നിൽക്കുമ-
ശ്ശൃങ്ഗാരാധിഷ്ഠാനദേവതയാൾ,
വാസന്തിപ്പൂ ചൂടി വാരസ്ത്രീമൌലിയായ്
വാസന്തശ്രീതന്നെ വാച്ചമട്ടിൽ,
ആരാവിൽ തന്മണിഹർമ്മ്യത്തിൽ മിന്നുന്നു
മേരുവിലപ്സരസ്സെന്നപോലെ.

൭. പിങ്ഗളയെന്ന പേരന്നപത്തനമാവീഥീ-
മങ്ഗളദേവതയ്ക്കങ്ഗഭാസ്സാൽ.
കാമുകമാനസനത്തനയന്ത്രം,മ-
ക്കാഞ്ചനകഷകമായ കാന്തം.

III

൮. മൈഥിലവീഥികൾ—പണ്ടവ സീതതൻ
പാദാബ്ജസ്പർശത്താൽ പാവനങ്ങൾ.

ആ മാൎഗ്ഗദൎശകജ്യോതിസ്സിൻ പേരാൎക്കു
രോമാഞ്ചംകൂടാതെയോൎത്താം? കേൾക്കാം?

൧൦. മാതാവേ! വെന്നാലും മാഹാത്മ്യശാലിനി!
സീതാഖ്യേ! ചിത്സുമമാദ്ധ്വീധാരേ!
ഭാരതഭൂതലഭാഗ്യാബ്ധിചന്ദ്രികേ!
ചാരിത്രദിഗ്ജയപ്പൊൽപ്പതാകേ!
അത്രയ്ക്കു സദ്വൃത്തധാമമാവാം രാജേന്ദ്ര-
വൃത്തമപൂരുഷൻ രാമൻപോലും
അമ്മയ്ക്കൊരൎഹനാം ഭൎത്താവല്ലെന്നല്ലീ
വല്മീകജന്മാവിൻ വാക്യസാരം?

൧൧. അങ്ങെത്ര കല്ലിലും മുള്ളിലും കാൽവച്ചു
ഞങ്ങൾക്കു നേർവഴി കാട്ടിത്തന്നു!
തെല്ലങ്ങേശ്ശുഭ്രമാമുൾപ്പൂവിളക്കീല
വെള്ളിക്കുന്നമ്മാനമാടിയോനും!
എന്തൊന്നിൻ സിദ്ധിയാലെന്നമ്മ കത്തുന്ന
ചെന്തീയും ചന്ദനച്ചാറായ് മാററി;—
ത്തൃപ്പാദം കൂപ്പുന്നേൻ ദേവി! ഞാൻ—ഇപ്പാരി-
ലപ്പാതിവ്രത്യമേ വെൽവുതാക!!

൧൨. അമ്മതാൻ—അമ്മതാൻ—സൎണ്ണദീശുദ്ധധാ-
മിമ്മഹീദേവിയാൾക്കേകപുത്രി!

മാതാവേ! ഒന്നാലും മൽപരദേവതേ!
നീതാനൊരാദൎശം ഞങ്ങൾക്കെല്ലാം.

# IV

൧൩. അത്രിതൻ പത്നിയുമത്യന്തം മാനിച്ചോ-
രദ്ദേവി സീതതൻ ജന്മഭൂമി:—
ആൎക്കു താൻ വാഴ്ത്തിടാമായതിൻ പണ്ടത്തെ—
ശ്ലാഘ്യൈകശ്ലാഘ്യമാം സച്ചരിത്രം! വ്വം

൧൪. ആ ജനകാദിധൎമ്മാശ്രയീഭൂതനാം
രാജൎഷിസത്തമൻ, ജീവന്മുക്തൻ,
പ്രാജ്ഞൻ, പണ്ടേതൊരു ദേശത്തെപ്പാലിച്ചാൻ,
യാജ്ഞവൽക്യോദ്ദാലകാദിസേവ്യൻ;
മോക്ഷാദ്ധ്വകൌമുദി, മൂൎദ്ധാങ്ഗീരൂപയാം
സാക്ഷാദുപനിഷദ്ദേവി, ഗാൎഗ്ഗി,
ഏതൊരു ദേശത്തേക്കോൾമയിർക്കൊള്ളിച്ചാൾ
വൈദഗ്ദ്ധ്യംവായ്ക്കും തൻവാക്യാൎത്ഥത്താൽ;
തല്പത്തിൻ ശുദ്ധിക്കു ലോപം തെല്ലേൽക്കവേ
ശല്പവും കൈചൂണ്ടിക്കാട്ടും മട്ടിൽ ൻ൦
ഏറെനാളേതൊൎദേശത്തിൽ മേവിനാൾ
പാറയായ് ഗൌതമധൎമ്മപത്നി:—

അദ്ദേശമാണത്തു്; ചാരിത്രലക്ഷ്മിതൻ
ശുദ്ധാന്തമാണതിൻ രാജധാനി:—
ഹാ! ചിത്ര,മങ്ങത്രേ വാഴ്വതിക്കണ്ടൊക്ക
കാശിനു മെയ് വിൽക്കും തേവടിശ്ശി!!

V

൧൫. ദുഗ്ദ്ധമിരുന്നതാമദ്ധ്വരപാത്രത്തിൽ
മദ്യമിതെങ്ങനെ വന്നുചേൎന്നു?—
അല്ലെങ്കിൽ താരുമാറെന്തുതാൻ ചെയ്യില
ദുൎല്ലളിതോല്ലാസിയായ ദൈവം!
അങ്കുശമെ,ങ്ങതിന്നൌചിത്യബോധമെ,—
ങ്ങെങ്ങതിൻ മാൎഗ്ഗത്തിലേകവിഘ്നം?
ഇമ്മഹീവാപിയിലിപ്പൂപോൽ ക്രീഡിക്കു-
മുന്മത്തയൂഥപൻ ബ്രഹ്മദേവൻ!
കല്യാണമണ്ഡപം കല്ലറയായ് മാറാം;
കല്യാണക്കുന്നിലുമാഴി കേറാം;
ചാലെന്നോ തിട്ടെന്നോ ശാശ്വതമായൊന്നു
കാലപ്രവാഹത്തിലില്ലതന്നെ!

൧൬. അത്രയ്ക്കു സീതയാൽ വിണ്ണോളം പൊങ്ങിന
പൃഥ്വിയെപ്പിന്നെയും സ്വസ്ഥിതിയിൽ
നിൎത്തുവാൻ ലോകേശൻ വച്ചതുമാവാം ത-
ന്മസ്തകത്തിങ്കലീവേശ്യാഭാരം.

൧൭. ഖേയത്തിൻ സാന്നിദ്ധ്യം കോട്ടയ്ക്കു ചുററും താൻ;
ഛായയോടൊത്തുതാൻ വസ്തുനിൽപ്പൂ;
ചാലവേ രാപകലെന്നിടവിട്ടുതാൻ
കാലപ്പൂമാലയിൽ കോർപ്പൂ ദൈവം.
അമ്മട്ടിലുള്ളോരീമദ്ധ്യമലോകത്തിൽ,
നന്മയെത്തൊട്ടല്പം തിന്മ പെട്ടാൽ,
ചന്ദ്രബിംബാങ്കം താനായതു; മാസത്തി-
ലൊന്നുതാൻ പ്രായേണ ദശ്രാത്രി!

# VI

൧൮. തങ്കമെന്നോതിനേൻ പിള്ളത്തന്മേനി:—
തങ്കവും പങ്കം തൽസന്നിധിയിൽ.
ആകവേ ധാതാവിൻ നിർമ്മാണസാമഗ്രി
ഹാ! കവി കാണുവോനല്ലയല്ലോ!

൧൯. ആനന്ദബാണങ്ങൾക്കുള്ളിലേ മാനുഷ-
മാനസകാർമ്മണചൂർണ്ണയോഗം
പീയൂഷയൂഷത്തിൽ ചാലിച്ചോ നാന്മുഖ-
നാ യോഷാരത്നത്തിൻ മൂർത്തി തീർത്തു?

൨൦. അപ്പുതുവല്ലരി താരുണ്യചൈത്രത്തിൽ
വിഭ്രമപുഷ്പങ്ങളെന്നാണിഞ്ഞു;

അന്നു പാഞ്ഞങ്ങെത്തി കാലദേശാഭിജ്ഞൻ
കന്ദർപ്പൻ ദിഗ്ജയബദ്ധദീക്ഷൻ.
വൈദേഹസാമ്രാജ്യം വാഴേണ്ടോൻ തന്നെയാ-
ണാ ദേഹശൂന്യനാമാത്മയോനി;
ത്ര്യംബകകാർമ്മുകം പൊട്ടോകെ മറ്റൊന്നും
തൻ പ്രതിബന്ധത്തിന്നില്ലതാനും.

൨൧. അങ്ങെത്തി വേഗത്തിൽ തൃക്കൈയാൽ സ്പർശിച്ചാ-
നജ്ഞജനപ്പുത്തനിക്കുചാപം—
ആശ്ലിഷ്ടമാധുര്യ്യമാകേശമാപാദ,-
മാസ്വാദ്യമാവിപ്രമാചണ്ഡാലം!
തന്നെത്താൻ ഞാണൊലിയിട്ടിട്ടും ഗാനത്താൽ;
തന്നെത്താൻ ഭുഗ്നമാം നൃത്തനത്താൽ;
തന്നെത്താനമ്പെയ്യുമോരോരോ ലീലയാൽ;—
അന്നല്ലാർവില്ലൊന്നു വേറെതന്നെ!

൨൨. മന്മഥൻ നിൽക്കട്ടെ സാക്ഷിയായ്;നോക്കട്ടെ
തന്മനം—ആമെങ്കിൽ—പുൺപെടാതെ;
അമ്മണിപ്പെൺകൊടിക്കേതുഴിവെൽവാനും
കണ്മുനക്കൂരമ്പിൽപ്പാതി പോരും!

VII

൨൩. ആ വാരനാരിതൻ പേർമാത്രം കേട്ടാലു-
മാവാതെയായിടുമാർക്കുമുള്ളം;

ദൃഷ്ടിവിഷയെന്നു ഞാനബ്ഭുജങ്ഗിയെ-
സ്സ്പഷ്ടമായെന്തിന്നു പിന്നെച്ചൊൽവൂ?

൨൮. ആ നീലക്കാറൊളിപ്പൂവണിക്കൂന്തൽക്കെ-
ട്ടാ നിത്യബന്ധുരമാസ്യബിംബം;
ആച്ചാന്തുപൊട്ടണിഞ്ഞുനെററിത്തിങ്കൾക്കീ-
റാലാസ്യലോലമാം ചില്ലിവല്ലി;
ആ നീണ്ടിടംപെട്ട മയ്യണിക്കണ്മിഴി;-
യാക്കടെക്കൺമുനക്കള്ളനോട്ടം;
ആത്തുടുപ്പേറിന മാന്തളിർപ്പൂങ്കവി;-
ളാക്കമ്മെൽ ചാർത്തിന കർണ്ണപാശം;
ആപ്പവിഴപ്പൊളിത്തേൻചോരിവായ്മല;-
രാമുല്ലമൊട്ടൊളിദ്ദന്തപങ്ക്തി;—
നിന്നിടാമമ്മട്ടിൽ; നീങ്ങകിലപ്പുറം
കുന്നിൻമേലേറും നാം; കണ്ടിടിൽ വീഴും:—
കൂപത്തിൽ ബിംബിച്ച പൂന്തിങ്കൾ കല്ലേറാൽ
ചാപല്യമെത്രമേൽ കാട്ടിക്കൂട്ടും,
അത്തന്നാ പിതന്നങ്ങമോരോന്നും കാണുമ്പോ-
ളുത്രമേലാടിപ്പോമാക്കുമുള്ളം!

൨൯. ചാലവേ മുമ്പിൽ ഞാൻ, മുമ്പിൽ ഞാ, നെന്നോതി,
നാല്പതിനാറു നൽക്കലകൾ,
തിങ്കളേ മേൽക്കുമേൽക്കാൽപ്പാട്ടിൽ നിന്നു-
മ്മങ്കയെ മാറാതെ സേവചെയ്തോർ.

൨൬. അമ്മണ്ണിമാളിക കൈനിലയാക്കിന
തന്മകൻ കാമനേക്കണ്ടുപോവാൻ,
ശീഘ്രമായ് വൈകുണ്ഠവക്ഷസ്സു കൈവിട്ടു
പാൽക്കടൽമങ്കയാം വന്നുചേൎന്നാൾ.
തൽസ്നുഷയെന്നോൎത്തത്തയ്യലിൽ ചാൎത്തിന
വത്സലഭാവാൎദ്രം ദൃഷ്ടിപാതം
പ്രത്യാഹരിച്ചീല തദ്ദൎശനാശ്ചൎയ്യ-
സ്തബ്ധയാം സാഗരകന്യകയാൾ.

൨൭. സൎവ്വാനവദ്യാംഗസംക്രീഡാരംഗമായ്,
സൎവ്വാലങ്കാരൈകഭൂഷണമായ്,
സൎവ്വാന്തസ്സംവനനൗഷധമായ്, സ്മര-
സൎവ്വാഭിസാര,മത്തന്വി മിന്നി.

## VIII

൨൮. ഈവകമോടികളൊക്കെയുമപ്പെണ്ണി-
ന്നാവരണാംശുകം മാത്രമല്ലോ;
അപ്പടം നീങ്ങിയേ കാണാവൂ നേരില-
ദ്ദൎപ്പകമായതൻ ദൃശ്യരൂപം.

൨൯. ആഹാ! മഹാൎഹമാമത്തങ്കക്കൂട്ടിലൊ-
രീഹാമൃഗാംഗനയല്ലീ വാഴ്വൂ?
ഏതെല്ലാം ബ്രഹ്മാണ്ഡം തിന്നാലും മേൽക്കുമേൽ
സോദരം ക്ഷുൽക്ഷാമമാം ശൂന്യാൽശൂന്യം;

അത്തരമുള്ളൊരു തൃഷ്ണയാ,ണാൎക്ക്മ-
ചൈതന്യത്തിൻ ചാമുണ്ഡി, സൎവ്വഹൎത്രി!

൩൦. തന്നുയിൎക്കാററിനാൽ തപ്പിക്കാൻ സാധിക്കും
പന്നഗി കണ്ഠാശ്ലേഷാൎത്ഥയാക്കും;
വിത്തവും വൃത്തവും പ്രാണനും ശ്രേയസ്സു-
മൊത്തുണ്ണുന്നീലല്ലോ വേശ്യപോലെ.

൩൧. ഐഹികപാരത്രികാഭ്യുദയാൎഗ്ഗളം
ദേഹിക്കു തൽസക്തച്ചിന്തപോലും;
എങ്കിലും മാനുഷമാനസമക്കട-
മെങ്ങെത്തി നോക്കിടാം,ല്ലങ്ങേ ചാട്ടു!!
കാഞ്ഞിരം കല്പദ്രു; ഖദ്യോതം തീക്കനൽ;
പാഞ്ഞിടുമിമ്മട്ടതങ്ങുമിങ്ങും.
കത്തുന്ന ചെന്തീതാൻ കൈനാറിപ്പൂക്കുല
ചിത്രപതംഗത്തിൻ ദൃഷ്ടിയിങ്കൽ;
ചൎമ്മത്തിന്നപ്പുറം സഞ്ചരിപ്പീലതു
നന്മയും തിന്മയും നിൎണ്ണയിപ്പാൻ.

൩൨. നമ്മൾക്കു നമ്മൾതാനേററവുമജ്ഞാത-
രഹസ്സിലുള്ളൊരിപ്പാരിടത്തിൽ,
രൂപത്തിലാരുതാൻ മോഹിച്ചു കില്ബിഷ-
കൂപത്തിൽ വീഴ്‌വീല കീഴ്ക്കാംതൂക്കായ്!

## IX

൩൩. എന്തിന്നു വിസ്തരം? താന്തോന്നി താരമ്പൻ
പന്തികൾ വീശിനോരാവലയിൽ,
സമ്രാട്ടർ സമ്രാട്ടർ വീഴ്കയായ് മന്നിലേ-
ത്തമ്പ്രാക്കൾതൊട്ടേഴും പ്രാക്കളെല്ലാം!
ഓരോരോ ശാശ്വതസന്മാർഗ്ഗസേതുക്കൾ
പാരിതിൽ പണ്ടുള്ളോർ തീർത്തതെല്ലാം,
നാമാവശേഷമായ്പ്പോകയായ് വല്ലാത്തൊ-
രാമാരനിമ്നഗതന്നൊഴുക്കിൽ.
ഐശ്വര്യത്തിൻ ധാമമാമസ്സർവ്വസർവ്വസ്വ-
ഐശ്വര്യതോഹർത്രി തൽപാപകർമ്മം
ആജാതി ചെയ്കയായ് സ്വച്ഛന്ദം; മന്നാമേ
രാജാവോ തദ്വക്ത്രദാസദാസൻ!

൩൪. ആധർമ്മപ്പൂങ്കാവിൻ ദാവാഗ്നിധൂമമാം
മൂർദ്ധജപാശത്തിൻ കാളിമയും;
അപ്പാപവ്യാളത്തിൻ നിർമ്മോകഖണ്ഡമാ-
മല്പാല്പഹാസത്തിൻ പാണ്ഡിമയും;
ആ മഷിനഞ്ഞണിക്കൺകടക്കോണമ്പിൻ
ധീമർമ്മം ഭേദിക്കും തീക്ഷ്ണതയും;
ആ വിശ്വം വെന്നുവെന്നാനന്ദിച്ചാടിടും
ഭ്രൂവല്ലിപ്പോർവില്ലിൻ വക്രതയും;

ആദ്ദ്രഷ്ടചേതസ്സിന്നാദൎശമായിട്ടും
മാൎത്തടച്ചൊൽക്കുന്നിൻ കാഠിന്യവും;
ആ മന്നിൻ പാതാളനിശ്രേണിയായിട്ടും
രോമാളിതൻ കരിമ്പാമ്പൊളിയും;—
കണ്ടിട്ടും കൊണ്ടിട്ടുമങ്ങുതാൻ പോയ് വീണാർ
പണ്ഡിതശ്രേഷ്ഠരും മേഷമുഗ്ദ്ധർ.

൩൬. പെണ്ണെന്നൊരെണ്ണത്തെത്തീൎത്തല്ലോ നാന്മുഖൻ
പെണ്ണിലും പെണ്ണാക്കി പൂരുഷനേ!

X

൩൭. നാനാദേശാഗതർ വിത്തേശരോരോരോ
ദീനാരഭാണ്ഡങ്ങൾ കെട്ടിപ്പേറി,
തത്താദൃശാഭോഗമാൎന്നിട്ടുമാവഴി—
യത്താണിക്കല്ലിന്മേൽ വയ്ക്കയായി.

൩൮. ആവളൎപൂങ്കുഴൽക്കൊണ്ടലിൽ കേകികൾ;
ആവക്ത്രച്ചെന്താരിൽ ഷൾപദങ്ങൾ;
ആ വക്ഷോജാദ്രിയിലേണങ്ങൾ; അപ്പാന്ഥ,-
രാനാഭികൂപത്തിൽ മണ്ഡൂകങ്ങൾ.

൩൯. ആ വഴി പോയിട്ടും സാധുക്കളെല്ലാമാ—
ലാവണ്യതീൎത്ഥത്തിൽ മുങ്ങിപ്പൊങ്ങി,

ആവത്തും പ്രാകൃതമാകാരംകൈക്കൊണ്ടു
കൈവല്യലാഭത്താൽ ധന്യരായോർ!

൩൯. "പൊന്നിനാൽ യജ്ഞവും, യജ്ഞത്താൽ പുണ്യവും
പുണ്യത്താൽ സ്വർഗ്ഗവു,മെന്തിനാവോ?
അപ്സരസ്ത്രീക്കെങ്കിലാസ്ത്രീതാനല്ലയോ
നില്പതു കൺമുന്നിൽ? കൈപ്പിടിയിൽ?
എൻധനം പിന്നെച്ചെന്നങ്ങുതാൻ ചേരട്ടേ;
എന്തിന്നു വേണ്ടാത്ത ദിഗ്ഭ്രമണം?
ആവട്ടേ ഭുക്തിമുൻ, പപ്പുറം മുക്തിയാം;
'ഭാ'വിന്നു പിൻപല്ലീ 'മാ' വരേണ്ടൂ?"
ഇമ്മട്ടിലോരോന്നു ചിന്തിച്ചു ശ്രദ്ധരാം
കർമ്മർ, സോമമധൂദ്ഗന്ധിഭൃത്തർ,
ആമ്നായപൂതമാം തജ്ജിഹ്വ തൃപ്തിച്ചാ-
രാമങ്കതന്നാധരാസവത്താൽ.

൪൦. പണ്ണാംബുവായുക്കളെല്ലാല്ലും ഭക്ഷിക്കും
വണ്ണികൾ നീരുറും നാക്കമായി-
ഭീമരാം ക്രവ്യാദർ—ചെന്നാരദ്ധൂളിതൻ
മെയ്മാംസ, മാനാസ, മാസ്വദിപ്പാൻ.
പ്രേക്ഷാവന്മൌലികൾ നിർഗ്ഗുണബ്രഹ്മത്തെ-
സ്സാക്ഷാൽകരിച്ചോരാം യോഗിമാരും
'തത്ത്വമസ്യാ'ദിമവാക്യമപ്പെണ്ണോടു
ശ്രദ്ധമേ മത്തരായോതിനിന്നാർ.

൪൭. "'ആർ മഹാവേശ്യയേപ്പുൽകുവോനപ്പാപി
ശാല്മലിയായിടും പിൻപിറപ്പിൽ.'
എന്നല്ലേ ലോകോക്തി? — ആവട്ടേ, വേണ്ടതി-
ല്ലുന്നത,മത്തരു ദീർഘജീവി.
തെല്ലാടലെന്തിന്നു? പാഴിലവായോ ഞാൻ
പുല്ലായോ പോകട്ടേ പൂഴിയായോ;
ഉത്തരമൈഥിലവീഥിയിൽ വീണ്ടുമെൻ
വിത്തുപോയ് വിഴില്ലെന്നാരുകണ്ടു?" ൨൮൦
ഇങ്ങനെയക്കൂട്ടർ ചിന്തി,ച്ചസ്സൌധത്തിൽ
തിങ്ങളിൽ തിങ്ങളിൽ തിക്കിക്കേറി,
ആബാലം—ആവൃദ്ധം—അന്ത്യായ. !—കൈമുതൽ
ദീപാളിവയ്ക്കയായ് കണ്ടമാനം!!

൪൮. ആ വഴിയമ്പലത്തണ്ണീരിൻ പാരണ-
യേവനും വായ്പിക്കുമന്തർദാഹം.
ദൂരത്തു പൂക്കണിക്കൊന്നതാനദ്രവ്യം;
ചാരത്തു ചെന്നാൽ താനഗ്നിഹേതി!

൪൯. ദാസിക്കു മറെറന്തു നോക്കേണ്ടു? കൈവശം
കയ്യുള്ള കാമുകൻ കാമദേവൻ;
പൊന്നെണ്ണ വേർപെട്ട പൂരുഷക്കൊപ്രയോ
പിണ്ണാക്കപ്പേഷകയന്ത്രത്തിങ്കൽ.

൪൧. ആ സവ്ഗ്രാസയാം യക്ഷിതൻ പിന്നാത്തേ
ഹാസത്തിൽ മേളിക്കും ദൃഷ്ടിപാതം,
മൃത്യുവാൽ ഗ്രസ്തയാമക്കാമുകാശയ്ക്കു
ദശ്ശതിലാഞ്ജലിയെന്നതോന്നും!
ഉള്ളിൽ തീ, യസ്ഥിരശ്ശ്രുലികൾ, കക്ഷിയിൽ
വെള്ളം, ഗളത്തിങ്കലർദ്ധചന്ദ്രൻ:—
ആണല്ല പെണ്ണുമല്ലാകാര, മാമട്ടിൽ
നാണംകെട്ടപ്പുറം പിച്ചതെണ്ടാം. ന്മ.00

൪൨. ഐളനെപ്പുൽകിനാളുർവശി; വിത്താഢ്യ-
രെളരെയൊക്കെയുമീവധൂടി;
രൂപത്തെക്കാമിച്ചാളത്തയ്യൽ; ഇപ്പെണ്ണോ
രൂപയേ—അത്രയ്ക്കേ ഭേദമുള്ളൂ.

൪൩. തിങ്കൾനേർവക്ത്രയാൾ നേടിനാൾ വേഗത്തിൽ
തങ്കവും രത്നവും കുന്നുകുന്നായ്.
ഹർമ്മ്യങ്ങൾ, വീഥികൾ, ഗ്രാമങ്ങൾ, ദേശങ്ങൾ,—
ഇമ്മട്ടിലായി തച്ചൂൽകാലാനം.
ആകല്പമണ്ഡന, മാകൃഷ്ടവഞ്ചന,—
മാത്മാങ്ഗവിക്രയ, മത്ഥലാഭം:— ന്ന൦
ഈച്ചതുവർഗ്ഗങ്ങൾക്കേകമാം ശൃങ്ഗാട-
മാസ്മരമാസ്മരവിദ്യയന്നാൾ.

൪൬. അത്തരം ഹേമാദ്രിയെത്രമേൽ പൊന്തി പോ,-
നത്രമേൽ കില്ബിഷഗഹ്വരവും,
ആത്തനാദിതൻ ചുററും വാഴ്കയായ് നാഗങ്ങനാദം,
വ്യാത്തമാം നാരകവക്ത്രംപോലെ.

*　　*　　*　　*

## XI

൪൭. അമ്മട്ടിൽ വാഴുന്ന പിള്ളതൻമുന്നി,-
ലമ്മങ്കതൻ കളിത്തോഴിപോലെ,
പേർത്തും നാം മുൻകണ്ട രീതിയിൽ വന്നെത്തി
ചൈത്രത്തുപാവ്ണജ്യോത്സ്നികയാൾ.

൪൮. നൽപ്രകൃത്യംബെന്നാൾ നൽകിന പണ്ടങ്ങൾ
ശില്പമായ് പ്രത്യംഗം ചാൎത്തിച്ചാൎത്തി;
തെന്നലിൻ കാഴ്ചയാം ദിവ്യാംഗരാഗത്തെ-
ത്തന്നണിമെയ്യെങ്ങും പൂശിപ്പൂശി;
ഉദ്ഭിന്നയൌവനയാകുമാ യാമിനി
വിഭ്രമമോരോന്നു തേടിത്തേടി;
നൂനത്തിൽ സൂനത്തിൽ പാഞ്ഞെത്തിയങ്ങുള്ളോ-
രാനന്ദത്തേൻ നുകൎന്നാടിയാടി,
ശൃങ്ഗാരപ്പാട്ടുകൾ ചിട്ടയിൽ മൂളുന്ന
ഭൃങ്ഗാളിതൻഗതി വാഴ്ത്തി വാഴ്ത്തി;

കാന്തിതൻ കൈവല്യം കാട്ടുന്ന കൈയിലെ-
പ്പൂന്തിങ്കൾക്കണ്ണാടി നേഴ്ക്കി നോക്കി;
സ്വീയമാം രൂപത്തിൽ തൃപ്തയായ്, ദൃപ്തയായ്,
പീയൂഷപ്പുഞ്ചിരി തൂകിത്തൂകി;—
ലോകത്തിൻ മാനസം ചോരണംചെയ്യുന്നു;—
മോഹനം—മോഹനം—അസ്സമയം!

# XII

൭൦. അത്തരമന്നിശ മർത്ത്യരെ മേൽക്കുമേൽ
തദ്രതിക്കുന്മുഖരാക്കിടവേ;
മാനുഷചിത്തമാമുന്മത്തദന്തിയെ-
ച്ചേണുററ മൈരേയമൂട്ടിടവേ;
തന്മതിയായിട്ടും വൈദ്യുതരേഖയെ-
പ്പൊന്മണിയൂഞ്ഞാലിലാടിക്കവേ;—
അന്തിക്കു മുത്തൊളിനീഹാരവാരിയിൽ
പന്തിക്കു തൻകേളിനീരാട്ടാടി,
പീയൂഷസിന്ധുവിൽ പൊങ്ങിന ശൃംഗാര-
സായുജ്യദേവതയെന്നപോലെ,
ഹേമപട്ടാംബരകൂപ്പാസകാദിയാൽ
കോമളമെയ്യൊളി കൂട്ടിക്കൂട്ടി;
സിന്ദൂരപ്പൊട്ടുതൊട്ടോരോരോ ദുർല്ലഭ-
ഗന്ധവദ്ദ്രവ്യങ്ങൾ പൂശിപ്പൂശി;

കാൎമ്മണച്ചൂൎണ്ണത്താൽ പൂങ്കവിൾക്കണ്ണാടി-
ക്കാമ്മട്ടും കൺപകിട്ടേകിയേകി;
ആനഖമാശിഖമോരോരോ ഹീരക-
മാണിക്യഭൂഷകൾ ചാൎത്തിച്ചാൎത്തി;
ഓമനക്കാറൊളിക്കൂന്തലിലോരോരോ
തൂമലർമാലകൾ ചൂടിച്ചൂടി;
ആ നന്മയാകെത്തല്ലാവണ്യലക്ഷ്മി ക-
ണ്ടാനന്ദക്കോൾമയിർ കൊണ്ടപോലെ,
അത്ഭുതം—അത്ഭുതം—പ്രത്യംഗമോരോരോ
വിഭ്രമമുദ്രകൾ കാട്ടിക്കാട്ടി;
ശില്പജപ്രാകൃതസാമഗ്രി നല്കീട്ട-
മപ്പുരഭാഗങ്ങൾ രണ്ടിനാലും
തൻമലർമേനിക്കു സൌന്ദൎയ്യധോരണി-
യെൺമടങ്ങത്തവ്വിലേററിയേററി;
സൎവ്വഥാ സൎവ്വോൎവ്വീസംമോഹനാസ്ത്രമായ്,
സൎവ്വഹൃദുന്മാദനൌഷധമായ്,
മാന്മഥമാഹാത്മ്യമാകന്ദമഞ്ജരീ-
മാംസളമാധ്വീകമാധുരിയായ്;
അന്നത്തെ രാവിന്നു ചേരുന്ന മോടിയിൽ,
തൻദൎപ്പതുല്യമാം സൌധത്തിങ്കൽ,
അഞ്ചിതവിഗ്രഹ മിന്നുന്നു പിങ്ഗള
പഞ്ചേന്ദ്രിയാമൃതപാനപാത്രം!

*　　*　　*　　*

## XIII

൩൮. യാമിനീജാഹ്നവി പായുന്ന മുന്നോട്ടു
കൌമുദീഫേനിലവിഗ്രഹയായ്.
പത്തിന്നു മേലായി നാഴിക; പിന്നെയും
തദ്ദിശി തന്നെത്താൻ തന്നാപി വാഴ്വൂ.
ആമലർമേനിയാളാരേയും കാണ്മീല
പൂമണിമേടയിൽ പൂരുഷരായ്;
തന്നിളഞ്ചെന്തളിർക്കോമളപ്പൂമെത്ത
മിന്നുന്ന നീർത്തിട്ടു മട്ടിൽത്തന്നെ.

൩൯. കാമുകർ-കാമുകർ—ആ മേടതൻ നട-
കാവലേ വേലയായ് നാരംകഴിപ്പോർ—
മത്സ്യധ്വജായതനാഗ്രത്തിൽ വേധസ്സാ-
ലുത്സൃഷ്ട,രുക്ഷാക്കൾ നിർവ്വിഷാണർ,—
എങ്ങവർ—എങ്ങവർ—ആരാവിലംഭ്യന്തം
പിള്ളളാധീനരായ് ജീവിക്കേണ്ടോർ?
ആരെയുമാരെയും കാണ്മീലതെന്തൊരു
മാരണം? ആർ കാട്ടമിന്ദ്രജാലം?
മിഷ്ടാന്നമുണ്ണേണ്ട പൊന്നോണനാളിലോ
കഷ്ടമശ്ശ്രുദ്ധോപവാസയോഗം?
എന്തൊരു വിസ്മയം? അങ്ങനെ പോമോ തൻ
യന്ത്രന്തൽപ്പാവകൾ? കൈക്കിളികൾ?

൨൯. പാതയിലെന്താവാം പ്രത്യൂഹം? ഉണ്ടല്ലോ
പാതകളങ്ങെത്താൻ നാലുപാടും.
ഉണ്ടികയ്ക്കെതിളവ,ന്നൂത്തുമില്ലല്ലോ;
കൊണ്ടിടാം വാച്ഛയായ് വിത്തമാകും.
മന്നന്നു കോപമേ,തസ്സാധു മൌലിയാൽ
തന്നടിപ്പൂമ്പൊടി ചൂടിടുന്നോൻ!
കാലമോ ചൈത്രത്തു; രാത്രിയോ പൌർണ്ണിമ;
കാമനോ കർണ്ണാന്തകൃഷ്ടചാപൻ!
ചേണെഴും താരകത്തുമലർ ചിന്നിന
വാനമാം നീലക്കൽമഞ്ചത്തിൻമേൽ,
യാമിനി—സൌഭാഗ്യശാലിനി—പീയൂഷ-
ധാമാവാം പ്രേയാനോടൊത്തു വാഴ്വൂ!

൩൰. ആ വിധമുള്ളോരു വേളയിൽ, കന്ദർപ്പ-
ദേവൻതൻ വേട്ടയാമുത്സവത്തിൽ,
ഏതെണ്ണയിട്ടാലും—എത്രമേൽ തേച്ചാലും—
ഏതിലും കൊള്ളാത്ത പാഴ്ക്കണയായ്,
നാണിച്ചും, ഖേദിച്ചും, തൂണികൾ ഭാരമായ്,
ഗാണിക്യശ്രേണികൾ ദുര്യശസ്സായ്,
താൻമാത്രം—താൻമാത്രം—ഒററയ്ക്കു വാഴ്കയോ
വൃന്ദമൊന്നൊരാണെന്ന്യേ? ഭൂതിയെന്ന്യേ?

## XIV

൩൧. ഭൂതി—ഹാ! ഭൂതി താനാജ്ജിപ്പാനല്ലെങ്കി-
ലേതിന്നുവേണ്ടിത്തൻ വേശ്യാജന്മം?

അൎത്഻ഥവും ക഻ാമവുമെന്നിച്ച നേടുന്ന
തദ്ധൎമ്മം താനല്ലീ ധന്യൎക്കാൽ ധന്യം?

൫൩. ഊററത്തിൽ മറെറാരു മാളിക തീരേണം
നൂറെറാന്നു കക്ഷ്യകൾ വാഴ്ച്ചും മട്ടിൽ;
ശയ്യാദിസംഭോഗസാമഗ്രി സൎവ്വവും
തയ്യാറായിടേണമായവയിൽ;
വൈരത്താൽ നിൎമ്മിച്ച വസ്തുക്കളാവണ-
മാരമ്യഹൎമ്മ്യോപസ്കാരകങ്ങൾ;
ആവതുമസ്സൌധം മിഃന്നണമൈന്ദ്രമാ-
മാ വൈജയന്തത്തിൻ നേർപകൎപ്പായ്!

൫൪. അപ്പാണ്ഡ്യരാജ്ഞിതൻ മൌക്തികദാമങ്ങൾ
വില്പാനുണ്ടെഞ്ചെട്ടു വീണ്ടുമപ്പോൾ;
തൽകണ്ഠലഗ്നങ്ങളാകുകിലല്ലാതെ-
യക്കൈമ്മഭൂഷകൾക്കാഭയുണ്ടോ?
അപ്പുറം മെയ്യുകിട്ടൻപത്തുമാറേററം;
കൈപ്പണിക്കോപ്പല്ലീ ശില്പമൎമ്മം?
ദീനാരം ലക്ഷംപോലോരോന്നി,നാവട്ടേ;
താനാശവെച്ചുപോയ് വാങ്ങിച്ചാത്താൻ.

൫൫. ആശിക്കമാത്രംകൊണ്ടെന്തായി? വേണ്ടുന്ന
കാശിന്നു താ,നാർതൻ കാൽ പിടിപ്പൂ?
തൻനീവി തൊട്ടിടാൻ തൻകൈക്കു ഉദ്യോഗം
വന്നീടും വാരസ്ത്രീ വാരസ്ത്രീയോ?

തൻമെയ്സ്യമന്തകമന്നാത്തേ രാത്രിയിൽ
പൊൻമലയല്ലയോ പേററിടേണ്ടു?
അററുവോ ദാതൃത്വമകല്പവല്ലിക്കും?
വററിയോ ദുഗ്ദ്ധമസ്സ്വർഗ്ഗോവിന്നും?

## XV

൫൯. തന്നിലെന്തുണ്ടൊരു കുററമെന്നത്തയ്യൽ
പിന്നെയും പിന്നെയും ചിന്തചെയ്തോറം;
ഒന്നുമേ കാണാതെ താൻ നിന്നാറ ചെന്നൊരു
പൊൻനിലക്കണ്ണാടി തന്നെതിരിൽ.
ആ മട്ടിൽ ദർപ്പണമെത്രയോ നീളെയ-
പ്പൂമച്ചിനുള്ളില്ല,ണ്ടായവയിൽ,
ഓരോന്നിൻ മുന്നിലും നോക്കിനാറ വാരൊളി
നീരോളംവെട്ടും തൻ പൂവൽമേനി.
തന്നോടു തുല്യയായ് താൻമാത്രമെന്നവ-
ളന്നോർത്തും വാക്കേററമത്ഭുതം!

൬൦. ആ വഴിക്കെല്പീല തെററൊന്നു,മെന്നുക-
ണ്ടാവരവർണ്ണിനി തൃപ്തയായി,
പാണിയിൽ തൻകളിപ്പൈതലായ് മേവിന
മാണിക്യവല്ലകിയേന്തി മെല്ലെ,
തൻതളിർപ്പൊൻമടിമെത്തമേൽ ചേർത്തിൻ
തന്ത്രികളോരോന്നു മീട്ടിമീട്ടി,

കിന്നരകണ്ഠിയാം ഗീതത്താലാവീഥീ-
കണ്ണം സുധാപ്ലുതമാക്കീ നിന്നാം.

നൃ.ഫ. തേന്മാവിൻ ചെന്തളിർ തിന്നുതിന്നാരാവി-
ലാമ്മാദം പഞ്ചമം പാടിപ്പാടി,
ഉമ്മറപ്പൂങ്കാവിൽ മേവിടുമാൺകുയിൽ-
തൻമനമഗ്ഗാനമാർദ്രമാക്കി!

നൃ.വ. താഴത്തു വച്ചാം തൻവീണയത്തന്വാംഗി;
മാഴക്കണ്ണോടിച്ചാം വീഥിനീളെ;
നിമ്മർത്ത്യഗന്ധമായ് കണ്ടാളശ്ശൂന്ന്യാടം,
തന്മഞ്ചകോശങ്ങൾപോലേ ശൂന്ന്യം!
കോണിയിലൂടെ താൻ തെല്ലൊന്നിറങ്ങിനാൾ;
നാണിച്ചു പിന്നെയുമേറിപ്പോയാം;
ലാത്തിനാൾ ഹമ്മ്യത്തിലങ്ങോട്ടുമിങ്ങോട്ടു-
മോത്തൊന്നും വേണ്ടതു തോന്നിടാതെ;
രഞ്ജിതമാക്കിനാൾ നാദത്താൽ നൂപുര-
മഞ്ജീരകങ്കണകാഞ്ചികളേ;
വാങ്ങിനാൾ പിന്നോട്ടു വാതായനം വിട്ടു;
താങ്ങിനാൾ പൂങ്കവിൾ കൈത്തലത്താൽ;
തന്നളകാഭ്രകപാദത്തിലാടിച്ചാ-
ളുന്നമ്രഭ്രൂകുടീവീചികളേ;
കൺ തുറിച്ചീടിനാൾ; കൈ തിരുമ്മീടിനാൾ;
ദന്തങ്ങളുർപ്പിച്ചാം ചെഞ്ചൊടിയിൽ;

താഴോട്ടു നോക്കിനാൾ ധാത്രിതൻമാറത്തട്ടിൽ
നൂഴവൻ താൻ തയ്യാറെന്നപോലെ;
മേലോട്ടു നോക്കിനാളേതോരു ദൈവത്തിൻ
മാലതെന്നാരാസ്വാനെന്നപോലെ;
വീർപ്പിട്ടാൾ മേൽക്കുമേൽ ദീർഘമാ,യുഷ്ണമായ്;
വേർപ്പുമുത്തൊപ്പിനാൾ പട്ടുലേസാൽ.

൩൩. ചേടിയോടോതിനാളിത്തരമോരോന്നു
ചേതസ്സിലുൽക്കണ്ഠ തേടിത്തേടി:—

## XVI

൩൪. "ആരെടീ നില്പതു വാതിൽക്കൽ താഴെ വ?—"
"ന്നാരെയുമാരെയും കാണ്മീലമ്മേ!"
"അകത്തെക്കെന്തിനു ചാരി നീ?" കാമുക—
ക്കുള്ളമങ്ങൊന്നും വായ്പീലമ്മേ!"
"എന്തെടീ കേൾപ്പതനിസ്വനം?" "പൂങ്കാവിൽ
വണ്ടിണ്ട മൂളുന്ന ശബ്ദമമ്മേ!"
"പിന്നെയും കേൾക്കുന്നു ദൂരത്തു ശബ്ദമൊ—
ന്നിന്നതെന്നാമോടീ നിർണ്ണയിപ്പാൻ?"
"പൂന്തെന്നൽ പുല്കിന മാന്തളിർത്തൊത്തിന്റെ
തേൻതെളിമർമ്മരമാണതമ്മേ!"
"ഒട്ടിങ്ങു ചാരത്തായ് കേൾപ്പതെന്തശ്ശബ്ദം?"
"കുട്ടനീയമ്മതൻ ചിക്കലെമ്മേ!"
"അമ്മയുറങ്ങിയോ?" പാതിരാവായില്ലേ?
നമ്മളെപ്പോലെയോ മൂത്തി? യമ്മേ!"

"അങ്ങാരോ ചൊല്‌വീലേ 'വന്നാലും' എ" "ന്നു
പൈങ്കിളിപ്പെൺതലിൻ താഴാട്ടമ്മേ!"

൯൫. "ഇങ്ങനേ പാറുവാനെന്തേടി?" "ദൈവത്തി-
ന്നിഷ്ടിതമാരുതാൻ കണ്ടതമ്മേ?"
"ദൈവവും നീയും!; ഫോ! വായാടി! ഫോ! ദൂരെ;
നീ വേദവേദാന്തവിജ്ഞ തന്നെ!"
"ഈവണ്ണമോതൊല്ലേ! പൊന്നമ്മേ! പൊന്നമ്മേ!
ദൈവത്തെയോക്കണേ! പോകാമേ ഞാൻ!" ൧൮൦

൯൬. അങ്ങനെ ചേടി പോയ്; ശയ്യാഗാരത്തിങ്കൽ
പിള്ളേള പിന്നെയും തന്നെയായി.
"ആരിനി വന്നാലുമിങ്ങോട്ടു കേറേണ്ട
തീരട്ടെയൊന്നോടേ സൊല്ല്"യെന്നായ്!,
ഏറിട്ടുമീറയാൽ തന്മണിപ്പൂമച്ചിൻ
ദ്വാരം പോയ്ച്ചാരിനാൾ; സാക്ഷയിട്ടാൾ.

൯൭. രത്നാസനസ്ഥയായപ്പുറം ദുഷ്കാല-
ഭഗ്നാശാസൌധയാമാവധൂടി,
ചോന്ന തൻ ചിന്തകൾ വീഴ്ത്തിനാൾ ശേഷിച്ച
ശൂന്യതയാം സഖിതൻ ചെവിയിൽ:— ൧൯൦

## XVII

൯൮. "ആകാറായ് പാതിരാ,വാസന്നകല്പമായ്
രാകയാം ശ്യാമയ്ക്കു ഷഷ്ടിപൂർത്തി.

കാമുകർ—കാഞ്ചനപ്പൂക്കളല മിന്നിച്ചു
കാമന്റെ കോമരം തുള്ളിട്ടുന്നോർ—
എൻ സൌധമാർജ്ജനി തൽപരിഷച്ചങ്ങളും
തൻസൌഖ്യസാമ്രാജ്യമായ് നിനച്ചോർ—
കാണ്മാനില്ലിന്നവരാരെയും—എങ്ങെ,ങ്ങാ
വാൽമാത്രമില്ലാത്ത വാനരങ്ങൾ?
തൊറിയോ താവളം? ആ വകക്കാൾക്കുണ്ടോ
മറെറാരു മാമരത്തോപ്പു മന്നിൽ?
എന്തായാലെന്തിനി? അക്കൂട്ടരെങ്ങോ പോയ്
പണ്ടാരംവയ്ക്കട്ടെ പാതകികൾ!

൬൯. ഓലക്കമൊന്നല്ല പൂന്തിങ്കളുഴിയെ-
പ്പാലമൃതിങ്ങനെയൂട്ടിടവേ;
നെഞ്ഞാക്കമാടിപ്പാൻ തയ്യാറായ് വേശ്യയാ-
മിഞ്ഞാൻ ചമഞ്ഞിങ്ങു നിന്നിടവേ;
നോക്കുന്ന ദിക്കെല്ലാ,മെൻദൈവം മന്മഥൻ
പോക്കണമാരിയാൽ മൂടിടവേ;—
കഷ്ട,മിപ്പത്തനമേതൊരു ദാന്തൻെറ
പൊട്ടപ്പുൽച്ചെറയായ് മാറിപ്പോയി!

൭൦. എന്നനങ്ഗാഗമപാഠത്തിന്നാദ്യമാ-
ണിന്നനദ്ധ്യായരാ,വെന്തുചെയ്യാം!
ഒന്നുകിൽ ഞാനഭിസാരികയായിടാ,-
മല്ലെങ്കിലാക്കാന്തമാളയയ്ക്കാം!

ഫെ. വിൽക്കാശ്ശും കയ്യുമായ് ഞാൻതന്നെ കണ്ടോർതൻ
തൂക്കാൽ പിടിക്കയോ? കൊള്ളാം കാര്യം!
ഏതൊരു പിച്ചിതു? മര്യാദ ലോകത്തിൽ
പ്രാതിലോമ്യത്തിന്നു,മൊട്ടു വേണ്ടേ?
ഞാനതു ചെയ്തീല; വേശ്യയ്ക്കുമേതാണ്ടു
മാനവും നാണവും വേണമല്ലോ
ഏറിയാലെന്തിങ്ങു വന്നുപോയ്! പോകട്ടെ
കൂററ്റ ഗോശാലക്കുറ്റർ കൂട്ടർ!!

# XVIII

വൈ. "കൂറിനെപ്പററിയെന്തോതിനേൻ ക്രോധത്തിൽ?
ഏറിപ്പോയ് നിശ്ചയ,മെൻ ശകാരം!
സാധുക്കൾ പൂരുഷർ-വേശ്യമാർതൻ ചിത്ത-
മേതുമേ കാണുവാൻ കണ്ണില്ലാത്തോർ—
ഇപ്പിറപ്പാററിലേ മീനങ്ങൾ; ഞങ്ങളോ
തദ്ബളിശാമിഷപിണ്ഡികകൾ!

മൈ. യൌവനം, സൌന്ദര്യം, ലാവണ്യം, വിഭ്രമ,-
മീവകയൊക്കെയും വാച്ച മെയ്യിൽ
ആവരണാങ്ഗരാഗാലങ്കാരങ്ങളാ-
ന്നാവർജ്ജനംചെയ്വൂ വിശ്വം ഞങ്ങൾ!

വൃത്തമോ, രൂപമോ, വംശമോ, കീർത്തിയോ,
വിദ്യയോ ഞങ്ങൾക്ക് വേണ്ട വേണ്ട;
ശയ്യയിൽ ഞങ്ങളെത്തേടുവാനേവർക്കും
കയ്യിലേക്കാശൊന്നേ കാര്യമുള്ളൂ.
കാമുകർക്കെല്ലാമൽപ്പമത്ഥത്തിന്നാടിട്ടു-
മാമിഷപ്പാവകളല്ലി ഞങ്ങൾ?
മുഗ്ദ്ധരാമക്കൂട്ടർ ഞങ്ങളിൽ ചേരുന്നു
കത്തുന്ന വഹ്നിയിൽ കാഷ്ഠംപോലെ;
തീക്കനലായിടാം ചെററിടു;യപ്പുറം
ശ്മശാനകൾക്ക ശയ്യയാം ചാരമാവാം!

൬൮. അൻപെന്നൊന്നില്ലല്ലോ ഹാ! ഞങ്ങൾക്കാരിലും;
അമ്പിൻമേലമ്പുണ്ടോ കാമനെയ്‌വൂ?
ഭാസ്വരമായിട്ടും കൃത്രിമരാഗത്തിൻ
പാഴ്സ്വരമാലകളല്ലോ ഞങ്ങൾ!

൬൯. പൂരുഷർക്കില്ലൊരു കൂറെന്നു ചൊല്‌വൂ ഞാൻ—
നാരകശൃങ്ഗാടദീപസ്തംഭം!
ഞാൻ കൊന്ന മർത്ത്യർതൻ പ്രേതത്തിലല്ലയോ
ഞാൻ കാറിത്തുപ്പുന്നു? ശാന്തം പാപം!

XIX

൭൦. പാപമോ? ഭാമിനീപങ്‌ക്തിയിൽ മറ്റെവർ
പാപത്തിൻ ബീജാവ്പി ഞാനല്ലാതെ?

പേർത്തും ഞാനെത്ര പേക്കെന്നെങ്ങസ്പശ്ത്താ-
'ല്ലൂർദ്ധപ'ത്തിലാക്കിനേരൂർദ്ധപയാനം?
ശ്രീലരാം പൂരുഷക്കെത്രപേക്കെൻ കയ്യാൽ
ശീലാംശുകാക്ഷേപമാചരിച്ചേൻ!
ശ്രീദരാമേവരെപ്പട്ടിണിക്കോലത്തിൽ
വ്യാധിമുദ്രാങ്കിതരാക്കിവിട്ടേൻ!
ഹാ! നിത്യമേവർതൻ കട്ട്മക്രൂട്ടാലെൻ
തൂനെററിക്കസ്തൂരിപ്പൊട്ടുതൊട്ടേൻ!
ഏവർതൻ ഹൃദ്രക്തം നിഷ്പീഡനംചെയ്തു
യാവകം തേച്ചേനെന്നങ്ഘ്രികളിൽ!
മദ്ബാഹുവല്ലരി രാപ്പകലെത്ര പേ-
ക്കുദ്ബന്ധനത്തിന്നു രജ്ജുവായി!
സാദ്ധ്വികളേവർതൻ കണ്ണുനീർമുത്തിനാൽ
തീർത്തേനെൻ കണ്ഠാലങ്കാരഹാരം!
അന്നല്ലാർതൻ ശാപനീലാബ്ജപത്രമെൻ
കർണ്ണാവതംസമായെത്ര പൂണ്ടേൻ!

൭. അക്രമം—പൂന്തേനിൽ മുക്കിന ഖഡ്ഗമായ്;
ശക്കരയാട്ടിന കല്ലുചക്കായ്;
പിച്ചകമാലയിൽപ്പററിന സർപ്പമായ്;
പച്ചപ്പുൽ മൂടിന പാഴ്ക്കിണറായ്;—
ധർമ്മവ്യതിക്രമമെന്തെന്തു ചെയ്തില
മന്മഥവഞ്ചനമായയാം ഞാൻ!!"

## XX

വൈ. തന്നാപങ്ക്തിയപ്പുറം വേർപ്പണിത്തുനെററി
തൻവലംകൈത്തലംകൊണ്ടു താങ്ങി,
കാൽപ്പാട്ടിൽ കണ്ണുമായ് മേവിനാൾ ദീർഘമാം
വീർപ്പാൻ ചിന്താബ്ധിമഗ്നപോലെ.

ദൻ. ലോലാക്ഷിതന്മിഴി കാണായിതന്നേരം
സ്ഥൂലാശ്രുമൌക്തികമണ്ഡിതമായ്.
കൺനിറഞ്ഞങ്ങൊരു മാത്രയാ നീർ നിന്നു:—
സുന്ദരിയൊപ്പീല ചേലത്തുമ്പാൽ.

വൃ. ധന്യമായ് പിങ്ഗളേ! നിന്മിഴി രണ്ടും നീ-
യിന്നാവ്യഭൂഷണം ചാർത്തുകയാൽ.
തത്താദൃക്കായിട്ടും മൂല്യത്താൽ താനാത്മ-
നിസ്താരം നേടേണ്ടോൾ ദാസിയാം നീ.
ഉർവ്വിയിൽ തത്ത്വാവബോധത്തിന്നേവർക്കും
നിർവ്വേദംപോലെന്തു വേറേ വേദം?
തപ്താശ്രുബിന്ദുവിനൊപ്പമായ് ജീവികൾ
ദൃക്തിമിരൌഷധമില്ലതന്നെ.
പോയി നിൻ രാജസപീഡ;യിക്കണ്ണിനാൽ
നീയിനിക്കണ്ടീടും കാഴ്ച വേറേ.

വ്യ൧. ഇപ്പുഷ്പലോദ്ധക്കരം സോദരിക്കീരാവിൽ
സൽപഥം കാട്ടുവാൻ വന്നാതല്ലോ!
സന്താപബാഷ്പത്തിൻ ബിന്ദുക്കളെല്ലവ,
സന്താനശാഖിതൻ പൂക്കളെത്രേ!
ഉമ്പരാരച്ചിച്ച വീണതോ? വീഴട്ടെ
നിൻപദമാകിന നീരലരിൽ!

# XXI

വ്യ൨. ഓക്കയോമയോമലാൾ ചേടിതന്നന്യോക്തി:—
"ആരെക്കൊച്ചുപെണ്ണെന്നോടെന്തോന്നോതി?—സുമ്മം
"ദൈവത്തെയോക്കണേ!":— ഇന്നത്തേപ്പോക്കിന്നു
ദൈവമൊന്നില്ലെന്നു തോന്നുന്നീല.
കാരണസാമഗ്രി പുഷ്കലമായിട്ടും
കാര്യത്തിന്നങ്കുരം കാണ്മീലല്ലോ!

വ്യ൩. ചിത്തം താൻ, ബുദ്ധിതാ,നക്ഷം താൻ, ഹസ്തം
മർത്ത്യന്നു മന്ദാരമെന്നിരുന്നാൽ— [താൻ,
വാരുറേറാരാശയാം വല്ലിക്കു പൂക്കുവാൻ
പൌരുഷം ചൈത്രത്തുവെന്നിരുന്നാൽ—
ഈ രാവിലെൻഗതിയിങ്ങനെയാകേണ്ട;
ധാരാളം വേറിട്ടൊന്നാവാം താനും!

൰൪. നിശ്ചയം, ഞാനിതിൽനിന്നൊന്നു കാണുന്നേ-
നിച്ചിത്രഗുപ്തൻതൻ ജന്മനാളിൽ:—
ദൈവികമാമൊരു ചൈതന്യം വേറിട്ടു-
ണ്ടീ വിശ്വഭാണ്ഡത്തിന്നേകാധാരം.
ആയതിൻ സാമ്യത്തിൽ ഖദ്യോത,മാദിത്യൻ;
ആയതിൻ വാമ്യത്തിലക്കൻ കീടം.
മൃത്പാത്രം ദൈവാനുകൂല്യത്തിലാകാശം;
തൽപ്രാതികൂല്യത്തിലശ്മകുഡ്യം.

൰൫. ചൊറിതുക്കാലികളീരാവിൽ കേറാതെ
ചുററിലും മുൾവേലി കെട്ടിയോനേ! ൩൦
ആവതും കൂപ്പുന്നേൻ നിന്മലർച്ചേവടി
ദൈവമേ! ശേഷിച്ച പഞ്ചയാം ഞാൻ."

XXII

൰൬. തന്നരികത്തൊരു ശബ്ദമാമാത്രയിൽ
പിന്നെയും പേടമാൻകണ്ണി കേട്ടാൾ.
തന്മൊഴി,ക്കമ്മെട്ടൊരൊച്ചയാൽ മച്ചകം
സമ്മതംമൂളിയതെന്നപോലെ.

൰൭. ആ രവ,മാണ്ടിവിട്ടമ്മച്ചിന്നുള്ളിലൊ-
രാലേഖ്യം താഴത്തു വീണതത്രേ.

പൊട്ടീല ചില്ലെങ്ങും; തട്ടീല കേടൊന്നും;
പട്ടുവിരിപ്പതു താങ്ങുകയാൽ. ന്നൂ൦

വ്വ. സ്ഫാരാഭമാമതു രാജാധിരാജനാം
ശ്രീരാമചന്ദ്രൻതൻ ചിത്രമല്ലോ.
മൈഥിലക്കന്ത്യന്തമാനന്ദകന്ദമാ-
കോദണ്ഡപാണിതൻ കോമളാംഗം.
തദ്ദിവ്യവിഗ്രഹമമ്മട്ടിൽ വന്ദിപ്പ-
തദ്ദിക്കിൽ വാഴ്‌വോർതൻ സമ്പ്രദായം.
അപ്പടിക്കമ്മുറിതന്നിലുമുണ്ടായി
തൽപ്രതിഷ്ഠന്ദത്തിൻ സന്നിധാനം.

വ്ൻ. പിങ്ഗളയപ്പടം കൈക്കൊണ്ടിയോളല്ല;
കൺകൊണ്ടു നോക്കിയോളല്ല തെല്ലും; ന്ന൧
അങ്ങനെയൊന്നിനൊട്ടാശിച്ചോൾ പോലുമ;-
ല്ലങ്ങ,താർ തൂക്കിയോ—തൂങ്ങിപ്പോന്നു.
പെട്ടെന്നു ചെന്നൊട്ടതീടിനാൾ പാണിയാൽ;
ദൃഷ്ടിയാൽ വീക്ഷിച്ചാൾ ഭക്തിപൂർവ്വം;
വീഴ്ത്തിനാൾ ബാഷ്പനീർ; തന്നാറിയച്ചിത്രത്തെ-
ച്ചേർത്തണച്ചീടിനാൾ മാർത്തടത്തിൽ.

ൻ൦. മുന്നിലെ മേശമേൽ മോഹനമച്ചിത്രം
വിന്യസി,ച്ചൊന്നിലും നോക്കിടാതെ,
അക്കളവാണിയാളോതിനാൾ പിന്നെയും
ഗദ്ഗദരമ്യമാം വാക്കിവണ്ണം:— ന്വ൦

## XXIII

൯൮. “ഏതൊന്നു നേടുവാൻ ഞാനതുക്കൂട്ടിനേൻ
പാതകബീജമിപ്പുണ്യദ്രവ്യം?
ഭോഗമെന്നൊന്നേതു ഞങ്ങൾക്കു? വേശ്യകൾ
ലോകത്തിലസ്നേഹദീപികകൾ.
മോഹിപ്പു കാമുകർ മേദസ്സിൽ; ഞങ്ങളോ
ലോഹത്തിൽ—ഹീരമാമിങ്ഗാലത്തിൽ!

൯൯. പാവകർതൻ മുന്നിൽ പാണി തൻപാണിയോ-
ടേവനു ചേർക്കുവാൻ യോഗമുണ്ടായ്;
ആയവനാരെങ്കിലെ,ന്തവനാകെത്തൻ
കായവും പ്രാണനും തീറുനല്കി;
സന്താനസൽഫലം ദാമ്പത്യധർമ്മമാം
സന്താനശാഖിയിൽനിന്നു നേടി;
തൻപതി, തൻധനം, തൻബലം, തൻഗതി,
തൻപരദൈവതമെന്നു തേറി;
സാവിത്രിതൊട്ടുള്ള സാദ്ധ്വികൾ പോയോരു
പാവനരഥ്യയിൽ പാദം വച്ചോർ;
ഹ്രീമുഖ്യഭൂഷമാർ; ആഖ്യാതർത്ഥം—ഐഹിക-
മാമുഷ്മികം—രണ്ടു,മാണ്ടുകൊൾവോർ;
ആനന്ദമഗ്നമാ,രാതിഥ്യവ്യഗ്രമാർ;
മാനവീജീവിതമാർമ്മികമാർ;

സ്വച്ഛന്ദനിദ്രന്മാർ; സ്വഛ്ശ്രന്ദധനിശ്ശുദ്ധന്മാർ;
നിശ്ചലചിത്തന്മാർ; നിസ്സ്പൃഹന്മാർ;—
ധന്യന്മാർ—ധന്യന്മാർ—ആ ദ്വിതീയാശ്രമ-
പുണ്യപതാകന്മാർ ഭ്രമരന്മാർ.

൫൩. അക്കലനാരികൾ ബാഹ്യാന്തഃസ്വച്ഛകൾ
ചൊൽക്കൊള്ളും ശാരദനിമ്നഗകൾ.
ഇന്നൊരു നൂറുപേർ ഭർത്താക്കന്മാർ ഞങ്ങൾക്കു;
പിന്നെയോ, പേണുവാനേകനറ്റോർ.
ഒന്നുകിൽ വക്ഷസ്ത്രക്കുലങ്കഷപ്പല്ലവലകൾ;
അല്ലെങ്കിൽ നൈദാഘസൈകതങ്ങൾ. ൧൦
ഉള്ളതുമില്ലാതെയാവാൻതാൻ ഞങ്ങളെ-
ക്കള്ളച്ചൂതാടിപ്പൂ കാമദേവൻ!

XXIV

൫൪. രാപ്പകൽത്തീവെട്ടിക്കൊള്ളതാൻ ഞാൻചെയ്തേൻ
വാഴ്വൊരു പിട്ടെല്ലാം കാട്ടിക്കാട്ടി.
കാശു കാശെന്നൊരു ഗാനമേ നിത്യമി-
ക്കാഞ്ചനക്കൂട്ടിലെത്തത്ത പാട്ടു.
പാടിനേ,നാടിനേൻ; തേടിനേൻ വീടകം;
നേടിനേൻ ഹാടകമാടനേകം.

എന്നിലേച്ചെമ്പാരും കാണരുതെന്നോർത്തോ
പൊന്നിൽ ഞാൻ മുക്കിനേനെന്‍ ശരീരം?
വല്ലാതെ പാതകസിന്ധുവിൽ താഴാനോ
കല്ലാകും ഭാരമെൻ മെയ്യിൽ പൂണ്ടേൻ?

൯൭. ദാസിയോ ദാസീകൃതാശേഷലോക ഞാൻ?
ഹാ! ശരി! തൃഷ്ണയ്ക്കു ഗർഭദാസി!!
എന്നെയിട്ടാടിക്കും യന്ത്രികയാണവൾ;
എന്നുയിർ തിന്നിടും കൃഷ്ണസർപ്പം!
എന്തുതാനേകട്ടേ; പിന്നെയും പിന്നെയും,
'കൊണ്ടുവാ കൊണ്ടുവാ'— എന്നുതന്നെ,
അപ്പിശാചുള്ളിൽനിന്നാക്രോശിക്കുന്നെന്നിൽനി-
ന്നിപ്പിണിയെന്നു താൻ വിട്ടുമാറും?

൯൮. നിദ്രയും സൌഖ്യവും യാതൊന്നു നല്കീടു,-
മദ്രവ്യമൈഹികദ്രവ്യമാകും;
പാഥേയമാവതു യാതൊന്നു ദേഹിക്കു,
പാരത്രികദ്രവ്യമദ്രവിണം.
എങ്ങുമീരണ്ടിലും ചേരാത്തതെൻ പൊരു-
ളിങ്ങുമല്ലങ്ങുമല്ലിത് ത്രിശങ്കു!

൯൯. ചേരില്ല നിദ്രയെൻ കൺമുന്നിലെങ്ങും, തൻ
ചാരിത്രനാശത്തിൽ ഭീതിമൂലം.

ഉൾസുഖമെന്നതോ ചേതസ്സിൽ വാണിടും
തൃഷ്ണയ്ക്കു തീനിടും ജീവികളേതോ?
ഏതൊരു ലോകത്തിലെത്തുവാൻ വേണ്ടിയി
ദ്ധാതുവാൽ ഞാനൊരു കോണി തീർപ്പൂ;
നാരകം താനതു; പാരിലാരൈശ്വര്യ-
ഭാരത്തേപ്പേറുവോ, രുർദ്ധ്വഗന്മാർ?

൯൮ നിശ്ചയം പൂഞ്ചായൽ ഞാൻപോലെ; മൂർദ്ധാവിൽ
കജ്ജളം പൂണ്ടൊരിദ്ദീപികകൾ,
എമ്പാട്ടുമേത്തുന്നു, ണ്ടന്ധതാമിസ്രംതാ-
നെൻപ്രാപ്യസ്ഥാനമെന്നിന്നിശയിൽ.

൯൯. ഈ രുക്മക്കൂടം ഞാനെന്തിന്നു പേറുന്നു
ചേറുണ്ട കീടികയെന്നപോലെ?
വഞ്ചിതലബ്ധമാമിത്തങ്കക്കുമ്പാരം
വൻചിതച്ചെന്തീയായ് തോന്നിടുന്നു!

## XXV

൧൦൦. പാരത്രികാർത്ഥം! ഹാ! പാരത്രികാർത്ഥം!—ഞാൻ
നേരത്തേ തെല്ലതൊന്നോർത്തീലല്ലോ!
നൂനമതോർക്കുവാനിഷ്ടപ്പെട്ടിരിക്കുന്ന
ഞാനധികാരിണിയല്ലതാനും.

൧൦൧. നന്മയിൽക്കോലംപൂണ്ടാടിടുമെന്റെ ക-
ണ്ണുണ്മയിൽപ്പീലിക്കണ്ണായിപ്പോയി!
കാണുവാനുള്ളതു കണ്ടീല ഞാനൊന്നും;
കേൾക്കുവാനുള്ളതുകേട്ടുമില്ല.

൧൦൨. കാലത്തുമുച്ചയ്ക്കുമന്തിക്കും രാവിലും
കാലൻതൻ വെണ്മഴു കയ്യെടാതെ,
ആയുർദ്രുമൂലത്തിലാഞ്ഞാഞ്ഞു വെട്ടുന്നു,–
ണ്ടായതു ഹൃൽസ്പന്ദവേദ്യമാകും.

൧൦൩. നീങ്ങിടാനാവാത്തോരന്തകനമ്മഴു–
വോങ്ങിന കയ്യുമായ് നമ്മോടൊപ്പം
തൂങ്ങുന്നു മാതാവിൻ ഗർഭാശയത്തിങ്കൽ;
വാഴുന്നു കൂടവേ വേർപെടാതെ.
വീഴാതേ തീരില്ലീ വെട്ടേറ്റേറ്റേവക്കും
പാഴാകും തൽപാഞ്ചഭൗതികാങ്ഗം.
ഇശ്വാസമന്ത്യമാം,മന്ത്യത്തിൻ മുന്നേതാം;
നിശ്ചയമാക്കുമില്ലിന്നതെന്നായ്.
പൂമകനായാലും പുൽപ്പുഴുവായാലും
ചാമിന്നോ നാളെയോ മറ്റെന്നാളോ!

൧൦൪. പ്രസ്ഥാനദിഗ്രേഖ മാതൃഗർഭാശയം;
ലക്ഷ്യാഗ്രമേവക്കും പ്രേതഭൂമി;

ആ യാത്ര, കൺചിമ്മും മുന്നിലും തീൎന്നിടാ,–
മായാമമാൎന്നതുമാവാമല്ലം;
ആ വേളതൻ നീളമെന്തായാലെ,ന്താക്ക–
മാ വദ്ധ്യഭ്രമിതാനാവ്യവസ്ഥാനം!
ചുററിലും കേട്ടിടാം നെഞ്ഞിടി,യാവഴി–
ക്കൊററപ്പെരുമ്പറക്കൊട്ടുപോലെ.

൫൦൮. യാതൊന്നു ഭോഗമെന്നുള്ളോരു പേരിലാ–
പ്പാത്രയിൽ മൎത്ത്യൻതൻ മുന്നിൽ കാണ്മൂ;
ഹാ! നഞ്ഞുചേൎന്നതാമക്കോലച്ചോററിങ്ക–
ലാനന്ദഗന്ധാംശമാക്കുദിക്കും?

൫൦൯. അങ്ങോട്ടുമിങ്ങോട്ടും രണ്ടററം നിന്നുകൊ–
ണ്ടങ്ഗംഭോജയോനിയുമന്തകനും,
പിന്നെയും പിന്നെയും കാൽകൊണ്ടു തട്ടുന്ന
കന്ദുകമേതുതാൻ നീരജസ്കം?

൬൦. ഏതുഃമലത്രമേൽ മാതാവിൻ സ്തന്യത്താൽ
നിത്യവും ജിഹ്വാഗ്രം ക്ലിന്നമാവൂ;
അത്രമേലത്രമേലേറുന്നു പാരിതിൽ
മൎത്ത്യന്നു തൃഷ്ണയും മാറിടാതെ.
പിന്നെയും പിന്നെയുമുദ്ഭവം, നിൎവ്വാണം,
പിന്നെയും പിന്നെയും പാനം, ദാഹം!—

മാലാക്ക് വായ്പില സംസാരചക്രമാ-
മീലാടശൃങ്ഖലകളുള്ളിൽ വീണാൽ!
തഞ്ചീടുവോനല്ലീ വേശ്യാത്തപമേവൎക്കും
പഞ്ചേന്ദ്രിയങ്ങൾക്ക ഭാൎയ്യയായാൽ?

## XXVI

൧൦൨. ഹന്താതിഘോരമാമന്തകവ്യാഘ്രത്തിൻ
ദന്താന്തവൎത്തിയാം മാംസഖണ്ഡം—
ആത്മാവു—മെന്നിട്ടും ഞാൻ തെളിഞ്ഞീടുന്നു
സാമ്രാജ്യപീഠസ്ഥയെന്നപോലെ.

൧൦൩. സൗവൎണ്ണവൎണ്ണ ഞാൻ; സൗന്ദൎയ്യപൂൎണ്ണ ഞാൻ;
യൗവനയുക്ത ഞാൻ; ലക്ഷ്മിതാൻ ഞാൻ;
ഇമ്മട്ടിലോരോന്നു ചിന്തിച്ചു ഞാ,നെന്തെ-
ന്നുന്മത്തഗോഷ്ഠികൾ കാട്ടുന്നില!
എന്നും ഞാൻ സേവിച്ചേൻ കണ്ണാടിതന്മുന്നി-
ലെൻ ദശരൂപാഭിമാനമദ്യം;
എൻകണ്ണു തുള്ളിച്ചേ;നെൻ തലയാട്ടിനേ;—
നെൻകണക്കാരെന്നു ഞാനേ ചൊന്നേൻ;
പെൺകുരങ്ങിൻപടി പല്ലിളിച്ചാടിനേൻ;
പെൺകഴുതയ്ക്കൊപ്പം മോങ്ങിനേൻ ഞാൻ!

൧൧൦. പുൽക്കൊടിത്തുമ്പിലേ നീർത്തുള്ളി കാലത്താ-
നാക്കൻതൻ ചെങ്കതിരേററിടുമ്പോൾ
വാർമഴവില്ലിലേ വർണ്ണങ്ങൾ വീശുന്നു;
കേമമായ് മിന്നുന്നു മാത്രനേരം;
അപ്പുറമാവിയായ് മായുന്നു; മറ്റുപ-
ദപ്പുമേ! നീയതു കണ്ടതുണ്ടോ? വൃ൨൦
സ്വപ്നത്തിൽ പാഞ്ഞുപോം ചിത്രത്തിലാരുതാ-
നൽഭ്രമം തേടിടും ഭ്രാന്തിലെന്ന്യേ?

൧൧൧. അക്കനാമഗ്നിയിൽ പ്രത്യഹം ഭക്ഷണം
പക്വമാക്കീടുവോനല്ലീ കാലം?
ഇന്നോമൽചെന്തളിരേ,തളിർതാൻ നാളെ
മണ്ണോടു മണ്ണാകും ശുഷ്കപത്രം.
കൃത്രിമഗ്ഗണ്ഡുകൾ തീർന്നപോം നേരത്തു
കത്തിച്ച പൂക്കുററി കെട്ടേ പററൂ.
ഇച്ചൊടിമൂവന്തിച്ചോപ്പൊളി മാച്ചിടും
നിശ്ചയം കാലമാം രാവിൻ പാണി; വൃ൩൦
കൈശികമാകുമീയല്ലിലും കാലമാം
വാസരത്തിൻ കരം വെള്ളിപൂശും!

൧൧൨. ലീലയിലാക്ഷേപഗർഭമാം പുഞ്ചിരി
കാലമെൻ മൌലിയിൽ തൂകിത്തൂകി,
"പോരും നീ കട്ടതു പിള്ളേളേ! കാല്യമായ്
നേര"— മെന്നോതിടും നിർവിളംബം.

വിമ്മിയും വിക്കിയുമങ്ങൊരു മൂക്കിലു-
ണ്ടമ്മൂർത്തിയെന്നമ്മ നിദ്രകൊൾവൂ;
അമ്മട്ടിൽ കാലത്താൽത്തീൎന്നിട്ടും ധൂൎത്തൎക്കു
മന്മഥബ്രഹ്മാസ്ത്രമായ ഞാനും!

൬൰൧. എങ്ങനെയെങ്ങനെ മേല്ക്കുമേൽ വിശപത്തെ-
ത്തിങ്ങളിൽ തിങ്ങളിൽ വഞ്ചിപ്പൂ ഞാൻ;
അങ്ങനെയങ്ങനെയെന്നെയും വഞ്ചിപ്പൂ—
സങ്ഗതിക്രൂടാതെയല്ല—കാലം.

## XXVII

൬൰൨. വെട്ടിട്ടുമപ്പുറം പ്രേതമായെന്മേനി
പട്ടടക്കാട്ടിലേപ്പാഴ്ക്കുഴിയിൽ;
അപ്പൊഴുമിപ്പൊഴുമൊന്നാമെന്നങ്ങത്തി,-
ന്നത്ഭുതം! മാത്രയിൽ വന്ന മാററം!

൬൰൩. ചാടുവാക്കോതിയും ചാപലം തേടിയും
കാട്ടുകൾ കാട്ടിയും വാണ ക്രൂട്ടർ
പോമളവെത്തുന്നു പുൽകുവാനെൻമേനി
ഗോമായുഗൃദ്ധ്രാദിധൂൎത്തർ വേറെ.
മൎത്ത്യരാം കീടങ്ങൾ തിന്നതിന്നുച്ഛിഷ്ടം
മററുള്ള കീടങ്ങൾ തിന്നിടുന്നു.

൧൧൩. അസ്ഥിയും തോലുയും മേടയും മററുമായ്
നേടിയതൊക്കെയുമിങ്ങ്‌തന്നെ,
ഇമ്മാതിരിക്കവി,ട്ടപ്പുറം ചെയ്യണം
മന്മാത്രശേഷ ഞാൻ മൽപ്രയാണം.
അല്ലായ്കിലെന്തുതാനങ്ങെനിക്കിപ്പൊട്ട-
ക്കല്ലാലും പൊന്നാലും കാൎയ്യമുള്ളൂ?
പുല്ലാണെൻ ഭണ്ഡാരം; ഭൂമിവിട്ടപ്പുറം
ചെല്ലാത്ത ചില്ലിതാനന്ദതിങ്കൽ!

൧൧൪. എന്നുടെ മേനി ഹാ!—നീഹാരനീരാട്ടി,-
ച്ചന്ദനത്താൽ മുഴക്കാപ്പു ചാൎത്തി,
പാവാട ചുററിയും, പണ്ടത്താൽ മൂടിയും,
പൂ വാരിയൎച്ചിച്ചും, രാപ്പകൽ ഞാൻ,
ആരാധിച്ചീടിനോരദ്ദേവി പോകയായ്
പാരാതെ പുൽകുവാൻ പാവകനെ.
അശ്രാന്തമത്ത്യാശവച്ചല്ലോ, കഷ്ടം,മീ-
വിശ്വാസപാതകമൂൎത്തിയിൽ ഞാൻ!

൧൧൫. അസ്ഥിയും, മജ്ജയും, മാംസവും, മേദസ്സും,
രക്തവും, ശുക്ലവും,—ഇത്തരത്തിൽ,
ധാതുക്കളേഴോളമൊന്നിച്ചു ചേൎത്തവ
പീതമാം ചൎമ്മത്തിൽ മൂടിദ്ദൈവം,
ഉച്ചിയിൽ ശ്യാമമാം ശഷ്പത്തിൻ കെട്ടൊന്നും
വക്ഷസ്സിൽ ശോഫത്തിൻ പിണ്ഡം രണ്ടും

ഒട്ടിച്ചുതീർത്താരീയോട്ടമൺപാനീയിൽ
പട്ടടച്ചുതീതൻ ഷ്ഠാഴ്വിറകിൽ—
ആരു താൻ രഞ്ജിക്കും? അന്തർദൃക്കളെങ്കിൽ
മാരനു മാരൻതാൻ മന്നിലാരും!” വ്യം

* * * *

## XXVIII

൧൧൯. വീണിതു ബാഷ്പനീ,രഞ്ജനമിശ്ര,മ-
ഗ്ഗാണിക്യരത്നത്തിൻ മെയ്യിൽ വീണ്ടും.
ക്ഷാളിതപങ്കയായ് ശോഭിച്ചാൾ തന്വിയ-
ക്കാളിന്ദി കൂടിന ഗംഗയിങ്കൽ.

൧൨൦. അത്ഥരൂപാദിയിലാസക്തി കൈക്കൊള്ളു-
മത്തൃഷ്ണയായിട്ടും രാക്ഷസിയേ
ഉൾക്കോട്ടുമുള്ളിൽനിന്നുച്ചാടനം ചെയ്താൾ
ദീർഘോച്ഛ്വാസോൽഗാരധോരണിയാൽ.

൧൨൧. പോയാലും, പോയാലും, മുന്നോട്ടു സോദരി!
നീയായിത്തീരേണ്ടും നേരമായ് നീ. വൻം
കത്തുമിജ്ഞാനമാം ദാവാഗ്നി ഹൃദ്വന-
മത്രയും നീററിയേ ശാന്തമാവൂ.
തൻബാഹ്യകോശത്തിൻ ഭേദത്താൽ സ്വാതന്ത്ര്യം
സമ്പാദിച്ചു,ദ്ഭവം ധന്യമാക്കി,

അകൎമ്മസാക്ഷികൾ സുപ്രാതമോതേണ്ട
കൎക്കടശാബങ്ങൾ നാമെല്ലാരും.

൧൨൨. വീണുപോയ് ഘോരമാം പാപാഗ്നിക്കുള്ളിൽ നീ;
താണുപോയ് പാതാളലോകത്തോളം;
പോകട്ടെ; ഹാനിയെ,ന്തദ്രിക്കു വിശേഷശ-
ന്നോകല്പത്രായത്തമാവതല്ലീ?
പാൎത്താലുമങ്ങത്രേ സംസാരസൎപ്പത്തിൻ
മൂൎദ്ധാവിൽ മിന്നിടും മോക്ഷരത്നം;
നീയൊന്നും വേറിട്ടു ചെയ്വാനി,ല്ലമ്മണി
കയ്യൊട്ടു നീട്ടിയാൽ ഗ്രാഹ്യം! ഗ്രാഹ്യം!

*   *   *   *

൧൨൩. ചുറ്റുമങ്ങുള്ളൊരു വസ്തുവിലൊന്നിലും
ചെറ്റുമേ ചേരുവാൻ ചിന്തിക്കാതെ,
അമ്മുന്നിൽ മിന്നിടും ചിത്രത്തിൽ തന്നങ്ങി-
തൻ മിഴി ലഗ്നമായ് തീൎന്നിതപ്പോൾ.
ഇന്ദ്രനീലോപലമന്ദുരയ്ക്കുള്ളിൽ ചെ-
ന്നിന്ദ്രിയവാജികൾ നില്ക്കയായി;
ആലാനതാപിഞ്ജരബദ്ധമായ് കാണായി
ബാലതൻ ചിത്തമാം മത്തദന്തി.

൧൨൪. കൈരണ്ടുകൊണ്ടുമക്കമ്രമാമാലേഖ്യം
ചാരത്തു ചേൎത്തിൽ നോക്കിനോക്കി,

31 JAN 1930



രോമാഞ്ചകഞ്ചുകലോഭ രീയാള്ളിയാ-
മാ മാൻകിശോരാക്ഷി വീണ്ടുമോതി:—

# XIXX

൱൨൮. "ഭ്രാതാവലംബനഭ്രാതനാം ഭ്രമിതൻ-
ധാതാവേ! ഭത്താവേ! ജാമാതാവേ!
മാനുഷസാത്ഥകമാർഗോപദേഷ്ടാവേ!
ഭാനുവംശാംബരഭാനുമാനേ! ൻവ
വാമാക്ഷി മൈഥിലി മാലയിട്ടീടിന
പൂമാതിൻ പുഷ്കലപുണ്യപ്പൂൺപേ!
ശ്രീരാമ! ശ്രീരാമ! ശ്രീരാമ! സിദ്ധട്ട-
ങ്ങാരാമ! ലോകാഭിരാമ! രാമ!

൱൨൯. യാതൊന്നിൻ തേനൊലിച്ചാലു പോൽ വിൺ-
യാതൊന്നു തൊട്ട കൽ സാദ്ധ്വിയും പോൽ; [പുഴ;
താദൃശം പാദാബ്ജം താവകം കുപ്പുന്നേൻ
പാതകപാഷാണരൂപിണി ഞാൻ.

൱൩൦. വേശന്ത്രീതൻ മട്ടിലാടിടും സാഗര-
വീചിതൻ സേതുവാം സീമന്തത്തിൽ ൻന്വ൦
സിന്ദൂരധോരണി വാച്ചിച്ചതല്ലയോ
സുന്ദരം താൽപദശോണപത്മം?

൧൨൮. ആജന്മലോലനാം വാനരൻ വായുജൻ
രാജിച്ചാൻ യാതൊന്നാൽ നിശ്ചലനായ്;
അമ്മട്ടിലാകട്ടെയങ്ങേക്കനിവിനാൽ
മന്മനസ്സായിട്ടും മർക്കടവും.

൧൨൯. കാടാമെന്നുടൽത്തടമാശയാം താടക
വീടാക്കി വാഴുന്നു വിശ്വമൂർത്തി;
കോദണ്ഡമാണ്ടോനേ! കൊള്ളട്ടേ ചെന്നൊരു
ശാന്തമാം സായകം തദ്വപുസ്സിൽ.

൧൩൦. അങ്ങയാം കൊണ്ടൽ കണ്ടാടിടുമെന്നുടെ
മങ്ഗളമാനസമത്തബർഹി,
നിൽപൂ ഭുജങ്ഗാരിവാഹ! ഭുജങ്ഗരെ
പുൽപ്പൂക്കൂട്ടത്തിൽ തള്ളിത്തള്ളി.

൧൩൧. ഹന്ത! ഞാൻ കൌസ്തുഭകണ്ഠനാമങ്ങേ—യെ
ന്നന്തർഗ്ഗേഹേശനെപ്പിൻനിറുത്തി,
ഭോഗികളാരാരേപ്പൂമാലയാക്കീല
ഹാ! കഷ്ടമാത്മഘാതോദ്യതയായ്!

൧൩൨. ഇപ്പുണ്യവീഥിയാം ദണ്ഡകാരണ്യത്തിൻ
ശൂർപ്പണഖാശരി ദാന്തയിപ്പോൾ;
കാത്താലും, വാസിപ്പൂ ഞാനോപദേശത്തിൻ
വേത്താവും വേദ്യവുമായുള്ളോവേ!

൱൨൩. ഇന്നോളം മററാക്ഷമായത്തമാവാത്ത-
തെന്നോർത്താനന്ദണ്ടോ ഞാ,നെൻ ഹൃദന്തം?
ഞാൻ പരൻപൂരുഷൻതന്നോടു ചേരേണ്ടോൾ,
സാംപ്രതമീരാവിലേത്തുകൊണ്ടും.
എത്രമേൽ പങ്കത്തിൽ താണാലുമെൻ പത്മിൻ!
ത്വദാശയല്ലയോ ദീനയാം ഞാൻ?
കൊമ്പനെപ്പാലിച്ച തൃക്കൈകൊണ്ടെന്നെയു-
മെൻപ്രഭോ! കാത്തിടാറില്ലേ ഞായം? ൻന്യാ

൱൨൪. വെന്നാലും വെന്നാലും, വൈകുണ്ഠധാമാവേ!
വെന്നാലും വെന്നാലും ചിദ്ഭ്രമാവേ!
വെന്നാലും വെന്നാലും ശ്രീരാമനാമാവേ!
വെന്നാലും വെന്നാലും വിശ്വാത്മാവേ!!"

XXX

൱൨൫. ഓതിനാൾ പിന്നെയും തന്വങ്ഗി:—"വിത്തവും
സൌധവും ദേഹവും മററുമെല്ലാം
വ്യർത്ഥമാം ഭാരം; ഞാനിങ്ങവ തള്ളിയാൽ
സ്വസ്ഥമായ് തീർന്നിടുമെൻ പ്രയാണം.

൱൨൬. വില്ലാനും വാങ്ങാനും യാതൊന്നും വായ്ക്കാത്ത-
തപ്പാതയെന്നത്രേ സിദ്ധർ ചൊൽവു; ൻ൦

അപ്പരലോകത്തിൽ തൻ പുണ്യമൊന്നു താൻ
കൈപ്പെറ്റിച്ചോറാക്കളമന്നു കേൾപ്പൂ;
പോകുന്നതെങ്ങനെ ദീനയാം, നാവക-
ശ്ലോകമാം വ്രീഡിയും നേടിടാതെന്നോ?
ദൂഷ്യതസംഹതി ചൂഴ്ന്നൊന്നൊന്നബ്ഭക്ഷിക്കു-
മർഗളവാനിയാ,യെന്നും കേൾപ്പൂ.
ആരൊരുതാരകമാവതെൻ ദേഹിക്കു
ദാരുണമാകുമക്കാന്താരത്തിൽ?"

൱൩൨. എന്നവാം ഞെട്ടിനാൾ തെല്ലൊന്നു; വീണ്ടുമേ
തന്നോടു ചൊല്ലിനാൾ ധൈര്യപൂർവം:—
"ഭീരുവോ പിന്നെയും പിങ്ങളേ! നീ ചെന്നു
ചേരുന്ന ലോകമേ, തോത്തുമനാക്കൂ!
നാരകമെന്നതു വാനവർ വാഴുന്ന
മേരുവാം ദുർഗ്ഗത്തിൻ ചേയമത്രേ.
മന്നിടം താഴ്വര;—യങ്ങുന്നിന്നാക്കുന്നിൽ
പുണ്യമാം കോണിവച്ചാക്കളമേറാം;
കാലമക്കോണിയെ ഗ്രാസമാക്കീടുമ്പോൾ
മാലുററു പിന്നെയും താഴെ വീഴാം.

൱൩൩. ജീവിയാം നീർപ്പോള നീരാവിയായ്പ്പൊങ്ങി
മേവിടും മാനത്തിൽ ചെററുനേരം;
താഴോട്ടു പിന്നെയും നീർത്തുള്ളിയായ് പോരും;
വീഴും വന്നൂഴിയിൽ; പൊങ്ങും വീണ്ടും;

അത്തരമങ്ങോട്ടുമിങ്ങോട്ടും പാവം നീ-
യെത്രമേൽ ചെയ്തു നിൻ യാതായാതം!
ഏതെല്ലാം പാഥേയമിത്രാന്നമുണ്ടു! നീ-
യേതെല്ലാം ശുണ്ഡയിൽ തൃഷ്ണ തീർത്തു!
ഏതെല്ലാമപ്സരസ്സ്ത്രീയായി! പാണിയി-
ലേതെല്ലാം ദിക്പാലച്ചെങ്കോലേന്തി!

൧൭൯. വ്യോമത്തിൽ പാറുമപ്പട്ടത്തിൻ സൂത്രാഗ്രം
ഭൂമിയിൽ—കാലത്തിൻ കയ്യിൽ—വായ്ക്കെ
ഉൾത്താരിലാക്കുതാനന്തസുകമുണ്ടാകാം,
അത്താമ്രചൂഡോഡ്ഡീനാവധീനം?
ചേലയിൽ മാലിന്യം; മാലയിൽ മ്ലാനത്വം;
ചേലണിപ്പൂമെയ്യിൽ സ്വേദപൂരം;—
ഇമ്മട്ടിൽ താഴത്തു വീഴ്കയോ നീ? നിന-
ക്കമ്മെഹർല്ലോകമാണാതിഥേയം!

൧൮൦. തെല്ലേതും ഭ്രംശത്തിൻ ഭീതിയില്ലദ്രിക്കിൽ;
നിർല്ലേപരമ്യമന്നീലാകാശം.
അസ്വാപദൂഷിതമങ്ങാക്കും ജാഗര,-
മസ്തമിച്ചീടാത്തോന്നാർക്കബിംബം!
തന്നിലേ വാസന പൊയ്പോയോക്കെങ്ങുള്ളു
പുണ്യസുധാഘ്രാണക്ഷേപളാശനങ്ങൾ?"

## XXXI

൱൰൧. പിന്നെയുമോതിനാൾ പിങ്ഗള:—"പാതിയു-
മെന്നാൽത്താനാസാദ്യമെൻ നിസ്താരം.
ആത്മാവാലാത്മാവിന്നുദ്ധാരം കല്പിച്ചോ-
ഞാത്മാ/ഞാത്മാധീശനാദിദേവൻ;
മാടിവിളിക്കുന്നു; 'വാ,വാ'യെന്നോതുന്നു;
മാർഗ്ഗസ്ഥമാകുമജ്ജ്യോതിഷ്പുഞ്ജം;
ചേരുന്നു ധീരയായ് ജീവികൾ ചെന്നങ്ങു
പൌരുഷംകൈക്കൊണ്ടും ഭക്തിപൂണ്ടും.

൱൰൨. പേടിയാമ്മാറുള്ള തീമകരാലയം;
ഓടിയോ,ലോലമാം മാംസപിണ്ഡം;
ഒൻപതു പൊട്ടലുണ്ടായതിൽ; ആരൊരു
പിൻബലം? പാരമോ ദൂരദൂരം;
എന്നോർത്തുമാഴ്കിടൊ,ല്ലേവൾക്കു താങ്ങലായ്
തന്നീശദത്തയാം ബുദ്ധിയില്ല?
പോകാനേയുള്ളൂ ഞാൻ മുന്നോട്ടു, മദ്ഭരം
ലോകാധിനാഥനിൽ ന്യസ്തമാക്കി.

൱൰൩. ആരുമായ് ചേരുകിലപ്പുറം വേർപാടി;-
ല്ലാരുമായ് മോദിക്കിൽ ഖേദമില്ല;—
ഹാ! മററു വല്ലഭരെന്തിന്?—മൽപ്രിയ-
നാമട്ടിലുള്ളവനന്തര്യാമി!

അന്തഃപുരത്തിങ്കലേകാന്തവശ്യനായ്
സന്തതം തന്നീശനല്ലസ്ഥിക്കെ,
ആശ്ചിന്താരത്നത്തിൻ സ്വാമിനിക്കെങ്ങനെ
വാച്ചിടുമാഗ്രഹം മറെറാന്നിങ്കൽ?

## XXXII

൧൪൮. മദ്ധ്യമലോകത്തിൽ—ഭാരതവർഷത്തിൽ—
ഉത്തമമൈഥിലപത്തനത്തിൽ—
മാനവജാതിയിൽ—മാനുഷീവർഗ്ഗത്തിൽ—
ഞാനഹോ! ഭാഗ്യമേ! ജാതയായി.

൧൪൯. നാലാശ വെൽകയാൽ ദൃപ്തമാം ലോഭത്തിൻ
ചേലാളും മേടയേയേതുഭൂവിൽ
സർവ്വാശാജൈത്രിയാം ശാന്തിതൻ പുല്ക്കുടിൽ
സർവ്വാതിസർവ്വമായ് കണ്ടിടുന്നു;
ചന്ദനം പൂശട്ടെ; ശസ്ത്രാസ്ത്രമെയ്യട്ടെ;
വന്നാവർ വന്നാവർ;—ഒപ്പം രണ്ടും
ഏല്ക്കുവാൻ ശീലിച്ച ഹൃത്തുള്ള മക്കളേ
മേല്ക്കുമേലേതുഴി പെററിടുന്നു;
വിശ്വത്തെത്തന്നിലും, വിശ്വത്തിൽതന്നെയും,
ശശ്വത്തായ് കാട്ടുമാറേതു ഭൂമി,
അദ്ധ്യാത്മജ്ഞാനമാമത്ത്യാശ്ചര്യ്യാജ്ജനം

നിത്ത്യവും ലോകത്തിൻ ദൃക്കിൽ തേജസ്സു;
ആനൃശംസ്യാകല്പം മാനസം; യാതൊന്നി-
ലാനക്രുല്യാകല്പം ലോചനാന്തം;
ദേഹികളെ സത്ത്യാലങ്കാരം തൻ ജിഹ്വാഗ്രം;
ലോകോപകാരാലങ്കാരം പാണി;—
അഞ്ജലി കൂപ്പുന്നേൻ!—അമ്മട്ടിൽ ശോഭിപ്പോ-
ളെൻ ജനയിത്രിയാം ഭാരതോർവ്വി;—
ഔപനിഷദോക്തിസന്താനവല്ലികൾ-
ക്കൌപമ്യമില്ലത്തോരാരാമോർവ്വി. ൱൩൰൯

൱൪൰. ഈയമൃതസഞ്ജീവിന്യൌഷധിത്തോട്ടത്തി-
ലീമട്ടിൽ സംപ്രാപ്തയായവൾ ഞാൻ,
കാലാഗാരാവാസകാംക്ഷയാൽ ചെയ്യുമോ
ഹാലാഹലാശനം? അയ്യോ! പാപം!

൱൪൧. യാതൊന്നിൻ മൌലിപോലംബികതൻ ഗുരു;
പാദാബ്ജപങ്കംപോൽ സിദ്ധസിന്ധു;
ശ്രീലയാം ദക്ഷിണബാഹപോൽ ഗണ്ഡകി—
സാലഗ്രാമങ്ങൾ കൈ മാതാവാവോൾ;
ആശ്ചര്യവൈഭവൻ യാതൊന്നിൽ മിന്നിനാ-
നാജ്ജനകാഭിധൻ രാജയോഗി— ൱൪൰൨
കോയിക്കൽ വെണ്ണീറായ്പ്പോയതു കാണവേ
പോയില്ലെൻ സ്വത്തൊന്നുമെന്നു ചൊന്നോൻ;
വാചക്നവ്യാകൃതി കൈക്കൊണ്ടു വാഗ്ദേവി
രാജിച്ചാൾ യാതൊന്നിൽ തത്സദസ്സിൽ,—

ആബൃഹദാരണ്യകോപനിഷത്തിന്നു
വാഷ്പെഴും വക്ഷസ്സിൽ മാലയാവോൾ;
ബ്രഹ്മജ്ഞനന്നൃപൻതന്റെ ഹൃത്തിലേ-
ക്കന്മഷഃ വേരറാ,നങ്ങുതന്നെ,
എത്തിനാൾ യാതൊന്നിലഃസ്സുലഭാ'ദ്വ്യയാ-
ളദ്വൈതസാമ്രാജ്യസിദ്ധിപോലെ; ഫാവം
പൂമകൾ യാതൊന്നിൽ പുഷ്കലപുണ്യയാം
ഭൂമിതൻ പുത്രിയായ് ജന്മംനേടി,
മാലയിട്ടീടിനാൾ സ്വൈരിണീസന്ത്രാണ-
ശീലനായ്ത്താൻ കണ്ട രാഘവനേ;—
അമ്മട്ടിലുള്ളൊരു വൈദേഹരാജ്യത്തിൽ
ജന്മം ലഭിക്കയാൽ ധന്യയാം ഞാൻ
ഏതൊന്നു പാർത്താലും നേടേണ്ടോൾ തന്നെയെൻ
പൈതൃകസ്വത്താകും ബ്രഹ്മാനന്ദം!

## XXXIII

ഫർവ്വ. "മാനസമറ്റോൾ ഞാൻ; വാസനപോയോൾ [ഞാൻ;
മായതൻ മാറാല മാറിയോൾ ഞാൻ; ഫൻം
ഷഡ്വർഗ്ഗാതീത ഞാൻ; സ്വാതന്ത്ര്യാരൂഢ ഞാൻ;
ഇഷ്ടവും ദ്വിഷ്ടവും വിട്ടവൾ ഞാൻ;

സത്യം ഞാൻ; ജ്ഞാനം ഞാൻ; ശക്തി ഞാൻ; ശാ-
[ന്തി ഞാൻ;
സത്തു ഞാൻ; ചിത്തു ഞാൻ; ആനന്ദം ഞാൻ;
ബുദ്ധ ഞാൻ; സിദ്ധ ഞാൻ; ശുദ്ധ ഞാൻ; മുക്ത
[ഞാൻ;
ദശമെൻ സ്വസ്വം, ദശം ദശ!
വെന്നോൻ ഞാൻ; വെന്നോൻ ഞാൻ; വെന്നോൻ
[ഞാൻ."—എന്നോതി-
യന്യമാം ഭാവനയേതുമെന്ന്യേ,
തന്നിലേ തന്നെക്കണ്ടാനന്ദിച്ചാനന്ദി-
ച്ചുന്നമ്രകന്ധരബന്ധുരയായ്,
ഭൌമമല്ലാത്തൊരു ഭാസുരവർച്ചസ്സിൻ
ധാമമായ്, സംസാരപാരഗയായ്,
ആ വിശാലാക്ഷിയാൾ മിന്നിനാൾ, മെയ്യാർന്ന
ജീവിതധന്യതയെന്നപോലെ.

൬൪൯. അപ്പുണ്യവൈതാനപാവകജ്യോതിസ്സിൻ
വിഷ്ഫുലിംഗോൽകരമെന്നപോലെ,
പേർത്തുമബ്ഭാസ്വത്താം ശയ്യാഗാരത്തിലേ
വൈദ്യുതദീപങ്ങൾ കാണുമാറായ്.
ചേതസ്സിൽ തിങ്ങിടും വിക്രിയാവേഗത്താൽ
'സാധു'വാക്കോതുവാൻ സാധിക്കാതെ
അദ്ദീപമോരോന്നും കാട്ടി തന്നാക്രുതം
മസ്തകാന്ദോളനംകൊണ്ടു മാത്രം.

൧൭൦. അപ്പരിവർത്തനവൈഭവം കണ്ടുക-
ണ്ടത്ഭുതസ്തബ്ധമായ് തീർന്നപോലെ,
ഏകാന്തമൌഖ്യശീലമാമമ്മുറി
മൂകാതിമൂകതയാചരിച്ചു.

൧൭൧. മന്നിലെച്ചിത്രത്തിൻ നേർപകർപ്പായ്ത്തീർന്ന
സുന്ദരിതൻ ശുദ്ധമാനസത്തിൽ
മന്ദഹാസോജ്ജ്വലവക്ത്രനായ് മിന്നിനാൻ
ധന്വിയാം ശ്രീരാമ,നാത്മാരാമൻ!

൧൭൨. അപ്പുറം തന്നുടെ പര്യങ്കശയ്യയി-
ലപ്പുണ്യശാലിനി പോയ്ക്കിടന്നാൾ,
വാരുററ ശൃങ്ഗാരഭാവത്തെത്താഴ്ത്തിനോ-
രാരസമൌലിയാം ശാന്തംപോലെ.

൧൭൩. വിശ്രാന്തിപൂണ്ടാലും ഭ്രതാവേശം വിട്ടു
വിജ്വരയായ്ത്തീർന്ന വീണാവാണി!
പ്രീതിയിൽ നിന്നോടു മേളിപ്പാൻ തയ്യാറായ്
നേദിഷ്ഠദേശത്തിൽ നിദ്ര നില്പൂ.
ഇദ്ദിക്കിൽ സദാശയാകുമമ്മാതാവി-
ന്നർദ്ധരാത്രാഗമമാദ്യമല്ലോ.
അൻപോടന്നാളദ്ദേവി നീണാളായ് വേർപെട്ട
നിൻ ബാല്യകാലത്തെദ്ധാത്രിയല്ലീ?

൱൭൪. ജ്ഞാനമാം വിണ്ണാററിലാറാടി മേവും നി-
ന്നാനന്ദബാഷ്പത്തിൻ ശീകരത്തേ
ആശീസ്സുചൊല്ലിടും മന്ദാനിലാതിഥി-
ക്കാചമനീയമായ് നല്കിയാലും.

൱൭൫. ജാലകമാർഗ്ഗമായ്ത്തിങ്കളിൻ വെൺകതിർ
ചാലവേ നിൻമെയ്യിൽ വീശിടട്ടേ;
ശക്തിയാലീരാവിൽ ദഗ്ദ്ധനാം കാമൻതൻ-
വിഗ്രഹം നീറിന ഭസ്മംപോലെ.

൱൭൬. സ്വാപത്തെപ്പൂണ്ടാലും; സോദരിക്കിസ്വാപ-
മാപന്നബന്ധുവാം മൃത്യുവല്ലോ;
നീരന്ധ്രഭാസ്സെഴമാഗാമിജന്മത്തി-
ന്നാരംഭം, നാളത്തെശ്ശുഭ്യോത്ഥാനം!

*　　*　　*　　*

## XXXIV

൱൭൭. മൈഥിലപത്തനമണ്ഡനമായുള്ള
സീതോപയന്താവിൻ ക്ഷേത്രത്തിങ്കൽ
നില്ക്കുന്നു പിറേറന്നു കാലത്തൊരോമലാൾ
വല്ക്കലവേഷ്ടിതവിഗ്രഹയായ്.

ഭൂതിതൻ ലേപത്താൽ കുന്ദേന്ദുസ്ഥായയായ്,
ശ്വേതദ്വീപാധിപദൈവതയായ്,
കാന്തയാറം മിന്നുന്ന കായത്തെക്കൈക്കൊണ്ട
ശാന്തമാം സദ്രസമെന്നപോലെ.
അത്തനവി മൂർദ്ധാവിൽ ചെഞ്ചിട; കണ്ഠത്തിൽ
രുദ്രാക്ഷം; പാണിയിലക്ഷസൂത്രം;—
ഈവിധമുള്ളൊരു വേഷത്തിൽ ശോഭിപ്പൂ
കൈവല്യഭൂഷണഭൂഷിതയായ്.

൧ദവ്യ. ഇന്നാലെ നാം കണ്ട വേശ്യയാം പിള്ളയ-
യിന്നൊരു ദേവാധിദേവദാസി!
ആ വിശാലാക്ഷിതൻ ജീവിതത്തിന്നൊരു
രാവിടകൊണ്ടെത്ര മാററം വന്നു!
ധൂർത്തർക്കു കാമക്രയാപണശാലതാൻ
പാർത്തട്ടിലന്നോളം തത്സദനം;
നിർമ്മായമന്നതോ നിഷ്കിഞ്ചനർക്കൊരു
ധർമ്മാന്നസത്രമായ് മാറിക്കൊണ്ടു!

൧ദൻ. അത്ഭുതമെന്തിതി, ലദ്ദേവദാസിയു-
മിപ്പുണ്യഭൂമിതൻ പുത്രിയല്ലീ?

൧൱൦. എൻ തായേ! വെന്നാലുമൃഗേന്ദ്രദക്ഷേത്രമേ!
ചിന്താതിവത്തിതാൻ നിൻ മാഹാത്മ്യം!!
ഓരോരോ പൃഴിയു,മമ്മയിൽ മിന്നുന്ന,—
തോരോരോ യോഗീന്ദ്രവിഗ്രഹാണു്; ൧൧൬
ആദ്ദ്രതമൈത്രമാമമ്മതന്നാകാശം
ശ്രീദക്ഷിണാമൂത്തിമൂത്തിഭേദം.

൧൱൧. പണ്ടുപണ്ടൃഴിതൻ ബാല്യത്തിൽ മർത്ത്യരേ
രണ്ടുകാൽപൈക്കളായ് കാൺകെക്കാൺകെ,
ഹ്രീയാന്ന മാത്താണ്ഡൻ കോരമയിർത്തൊണ്ടിലേ
തായതൻ സാവിത്രീമന്ത്രം കേൾക്കേ?

൧൱൨. അഞ്ജനവണ്ണനെ പ്രത്യക്ഷമാക്കിട്ടു—
മഞ്ചുവയസ്സിലും നിൻ കിടാങ്ങൾ;
കാണിക്കും പാപിയാം താതന്നു ദൈവത്തെ—
ത്തൂണിലും നാരസിംഹാകാരത്തിൽ; ൧൧൭
ഷോഡശവഷങ്ങളാകുകിൽ വൻതപ—
മീട്ടുറവു ചെ,യ്തതിൻ വൈഭവത്താൽ
കാലനെക്കൊല്ലിക്കുമീശനെക്കൊണ്ടു;തൻ—
ഫാലത്തിൽ ചാത്തിക്കും രേഖ വേറേ.

൧൱൩. ഭ്രൂഭൃത്തിൻ പുത്രിയായിന്നു നാം കാണുവോർ.
താപസിയായിട്ടും മാത്ര പോയാൽ;

നീരാളം ചാൎത്തുന്ന മേനിക്കു കൎക്കശ-
ചീരാംശുകത്തിനാൽ മാററു കൂട്ടം.

൧൯൪. അമ്മേ! നിൻ സ്തന്യമാം പീയൂഷയൂഷത്തി-
ന്നാമ്മട്ടിൽ വായ്പുതുണ്ടാത്മവീൎയ്യം;
അമ്മുലപ്പാൽ നുകൎന്നാത്മാൎത്ഥം നേടിന
നിന്മക്കൾക്കെങ്ങുള്ളു നിത്യഭ്രംശം?

൧൯൫. കാമനും, ചൈത്രവും, പൂൎണ്ണിമത്തിങ്കളും,
തൈമണിത്തെന്നലും, വണ്ടിനവും,
തങ്ങളാലാവതും നോക്കീട്ടുമെന്തായി?
പിങ്ഗളയാകുമീ വേശ്യപോലും
ഏകയാമാൎദ്ധത്തിൽ ബ്രഹ്മോപദേഷ്ടാവായ്
കാകതാലീയത്തെയല്ലീ കണ്ടു?

൧൯൬. പിങ്ഗളയെന്നല്ല പേരവൾക്കപ്പുറം
മങ്ഗളയെന്നതാനാനിലയിൽ,
ജീവിച്ചാൾ വിശ്വലോകാനുഗ്രഹത്തിന്നു-
ദ്ദേവിയാൾ ജന്മാന്ധദിവ്യദൃക്കായ്.

൧൯൭. ഭാഗവതോത്തമശബ്ദഗ്രഹാമൃതം
ല്ലോകോത്തരോത്തരമിച്ചരിത്രം,

—ന്ദറ—

പണ്ടവധൂതന്നൊരാചാൎയ്യയാമേരാരി-
പ്പുണ്ഡരീകാക്ഷിയാൾ തന്നുദന്തം
ഉൗഴിതന്നോമനവെൺപുകൾമേടയ്ക്കു
താഴികപ്പൊൻകുടം; തൎക്കമില്ല. ഫവാവ്വ

ശുഭം ഭൂയാൽ.

——(ം)——

# ലഘുടിപ്പണി:

(പുസ്തകത്തിൽ ഇടത്തുവശത്തെ നമ്പരുകളാണു് ഈ ടിപ്പണിയിൽ ചേൎത്തിട്ടുള്ളതു്)

൧. വസ്വന്തം=ധനത്തിന്റെ അന്തമെന്നും, കിരണങ്ങളുടെ അന്തമെന്നും. വാസന്തം=വസന്തകാലത്തിലുള്ളതു്. വാസവദിശാവധു=കിഴക്കുദിക്കാകുന്ന സ്ത്രീ. വാസകസജ്ജിക=കാമുകന്റെ വരവു് അറിഞ്ഞുകൊണ്ടു്, തന്റെ സജ്ജിതമായ വാസഗൃഹത്തിൽ ദേഹാലങ്കാരം ചെയ്യുന്നവൾ. കവി വൎണ്ണിക്കുവാൻ പോകുന്ന വേശ്യയുടെ അവസ്ഥയും ഏകദേശം ഇപ്രകാരമാകുന്നു. പൂൎവ്വാശയ്ക്കു പൂൎണ്ണചന്ദ്രനെ മുഖമായി ഉല്ലേഖനം ചെയ്തിരിക്കുന്നു.

൨. വെണ്മാടങ്ങളും പൂനിലാവും അന്യോന്യം ഭൂഷണഭൂഷ്യഭാവത്തെ വഹിക്കുന്നു എന്നു താല്പൎയ്യം.

൩. സപ്തമകക്ഷ്യ=ഏഴാമത്തെ നില. രഥ്യ=റോഡ്. പിള്ളയുടെ മുഖം കണ്ടു് രണ്ടു പൂൎണ്ണചന്ദ്രബിംബമുണ്ടോയെന്നും, ഉണ്ടെങ്കിൽ ഏതാണു് അതിൽ ഖരായയെന്നും കവി ശങ്കിക്കുന്നു. സ്ത്രീമുഖംതന്നെയാണു് ചന്ദ്രൻ എന്നു തീൎച്ചപ്പെടുത്തി, കളങ്കമില്ലാത്തതിനും ചന്ദ്രമണ്ഡലത്തിൽ നിന്നു താഴോട്ടു പോന്നതിനും കാരണം, കൈവിട്ടുപോയ മാൻകുഞ്ഞിനെ തേടേണ്ടിവന്നതാണെന്നു് ഉല്ലേഖനം ചെയ്യുന്നു.

൪. പാഴ്മതി=നിസ്സാരനായ ചന്ദ്രൻ. വൎത്തുളശ്രീയാൎന്ന=വൃത്താകാരം പൂണ്ട. മഴവില്ലു രത്നാഭരണങ്ങൾ

ധരിച്ചിരിക്കുന്നു എന്നുള്ളതിനേയും, മിന്നൽ സ്വർണ്ണവർണ്ണത്തേയും, ദ്യോതിപ്പിക്കുന്നു. സൌന്ദൎയ്യപാരമ്യധാമം= സൌന്ദൎയ്യത്തിന്റെ പരമകാഷ്ഠയുടെ നികേതനം. നാടകാരംഭത്തിൽ സൂത്രധാരൻ രംഗപുഷ്പാഞ്ജലി കഴിക്കുക എന്നൊരു ഏൎപ്പാടുണ്ട്. മുഖചന്ദ്രൻ രഥ്യയേ നോക്കി പുഞ്ചിരിക്കൊള്ളുന്നു. കാമികളേ ആകൎഷിക്കുന്നതിനെന്നു താൽപൎയ്യം.

൮. വാരുണി=മദ്യം. ഭൃംഗാരമേന്തുവാൻ പൂമകൾ നില്ക്കും=ലക്ഷ്മി കൂടി ദാസ്യപ്രവൃത്തി ചെയ്യുന്നു.

൯. വീഥീമംഗളദേവത=പത്തനത്തിലെ ലക്ഷ്മി; വേശ്യ. കാമുകന്മാരുടെ ഹൃദയങ്ങളേ ആടിക്കുന്നതിനുള്ള യന്ത്രവും, സ്വർണ്ണത്തെ ആകൎഷിക്കുന്നതിനുള്ള കാന്തവും ആണു്, ധനം പിടിച്ചുപറിക്കുന്ന വേശ്യ.

൧൦. സദ്വൃത്തധാമാവ്=സച്ചരിത്രത്തിന് ഇരിപ്പിടം. സദ്വൃത്തയുക്തമായ പ്രകാശത്തോടു കൂടിയവൻ എന്നു ചന്ദ്രപക്ഷത്തിൽ. രാമായണം വായിക്കുന്നവർ, സീതയേയും രാമനേയും താരതമ്യപ്പെടുത്തി നോക്കുമ്പോൾ, രാമനേ അപരാധിയായി കാണും.

൧൧. ശുഭ്രം=ശുദ്ധം. വെള്ളിക്കുന്നും, ശുഭ്രം (ശുക്ലം) ആണല്ലോ. രാവണനു വെള്ളിക്കുന്ന് അമ്മാനമാടുവാൻ കഴിഞ്ഞു; സീതയുടെ പരിശുദ്ധഹൃദയമാകുന്ന പൂവ് ഒട്ടും ഇളക്കുവാൻ കഴിഞ്ഞില്ല. പാതിവ്രത്യത്തിന്റെ ശക്തിയാലാകുന്നു സീതയ്ക്കു അഗ്നിപ്രവേശഘട്ടത്തിൽ ചെന്തീ ചന്ദനംപോലെ ശീതളമായിത്തീൎന്നതു്.

൧൨. ഭൂമിക്കു് എല്ലാ മനുഷ്യസ്ത്രീകളും പുത്രികളാണെങ്കിലും, ഭൂപുത്രി എന്ന പദംകൊണ്ടു് ലോകം

സീതയേ മാത്രമേ നിർദ്ദേശിക്കുന്നുള്ളൂ. ഗംഗയുടെ പ്രവാഹത്താൽ പരിശുദ്ധയായ ഭാരതഭൂമിയുടെ ഉത്തമയായ പുത്രിയെന്നും അർത്ഥം.

൧൭. സീതയും രാമനും അത്രിമഹർഷിയുടെ ആശ്രമത്തിൽ പോയതും, അവിടെ വച്ച് അനസൂയാദേവി സീതയ്ക്ക് "വസ്ത്രവും കുറിക്കൂട്ടുമണിപ്പണ്ടങ്ങൾ മാലയും" സമ്മാനിച്ചതും, വാല്മീകിരാമായണം അയോദ്ധ്യാകാണ്ഡം നൂറ്റിപ്പതിനേഴും, നൂറ്റിപ്പതിനെട്ടും സർഗ്ഗങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

൧൮. ജനകൻ എന്ന നാമധേയത്തിന് ആശ്രയമായിത്തീർന്നവൻ. യാജ്ഞവൽക്യൻ, ഉദ്ദാലകൻ മുതലായ ബ്രഹ്മർഷിമാർ ജനകമഹാരാജാവിന്റെ സദസ്സിൽ തത്വചർച്ചചെയ്തവരാണ്. വാചക്നവിയായ ഗാർഗ്ഗിയും യാജ്ഞവൽക്യനും തമ്മിൽ നടന്ന സംവാദം ബൃഹദാരണ്യകോപനിഷത്തിൽ വിസ്തരിച്ചിട്ടുണ്ട്. തല്പശുദ്ധി=ചാരിത്രം. അഹല്യ പാറയായ്കിടന്നതു്, മിഥിലയിലെ ഉപവനത്തിലാണെന്നു വാല്മീകിരാമായണം ബാലകാണ്ഡം നാല്പത്തെട്ടാംസർഗ്ഗത്തിൽ കാണാം.

൧൯. ദുർല്ലളിതം=അധികപ്രസംഗം. ഉന്മത്തയൂഥപൻ=ഭ്രാന്തെടുത്ത കൊമ്പനാനത്തലവൻ.

൨൦. പൊളിഞ്ഞ കോട്ടയ്ക്കു ചുററും താണ(ഖേയം) കിടങ്ങു കാണാം. രാവും പകലും ഒന്നിടവിട്ടാകുന്ന കാലപ്പൂമാലയിൽ ദൈവം കോർക്കുന്നതു്. മദ്ധ്യമലോകം=സ്വർഗ്ഗപാതാളങ്ങൾക്കു നടുവിലുള്ള ഭൂലോകം (ഗുണദോഷസമ്മിശ്രമാണെന്നു താൽപര്യം). ദർശം=കറുത്തവാവു്.

൧൯. കാർമ്മണചൂർണ്ണയോഗം=ആഭിചാരപ്രയോഗത്തിന്നുള്ള പൊടി.

൨൦. ചൈത്രം=മേടമാസം. വസന്തൎത്തുവിന്റെ ആരംഭം. വിഭ്രമം=ശൃംഗാരഭാവജമായ ലീലാവിശേഷം. ദേഹമില്ലാത്ത മന്മഥൻ വിദേഹരാജ്യാധിപനാകുന്നതു യുക്തം തന്നെ. ശ്രീരാമൻ ത്ര്യംബകധനുസ്സു ഭഞ്ജിച്ചതിൽപ്പിന്നെ മന്മഥന്ന് ആ ദിക്കിൽ ഭയപ്പെടേണ്ടതായിട്ടൊന്നുമില്ല.

൨൧. പിള്ളുളയെ കാമന്റെ പുത്തൻ കരിമ്പുവില്ലായി ഉല്ലേഖനം ചെയ്യുന്നു. ഭഗ്നം=വളഞ്ഞതു്. നല്ലാർവില്ല്=സ്ത്രീയാകുന്ന വില്ല്.

൨൨. ദൃഷ്ടിവിഷയായ ഭുജംഗി=ആ പെൺപായ്മ്പ ഒന്നു നോക്കിയാൽ മതി മനുഷ്യർ വിഷമൂർഛിതരാവാൻ.

൨൩. കുന്നിന്മേൽ=കുചത്തിങ്കൽ. കുണ്ടിൽ=നാഭിയിൽ.

൨൪. നാലുപതിനാറ്=അറുപത്തിനാല്. ചന്ദ്രന്ന് അതിൽ കാൽഭാഗം (പതിനാറ്) കലകളേ ഉള്ളൂ.

൨൫. പിള്ളുളയെ കണ്ടപ്പോൾ ലക്ഷ്മിക്ക് അവൾ രതിയോ എന്നു തോന്നി; ആശ്ചര്യസ്തബ്ധയായി ആ നോട്ടം അവൾ തിരിച്ചെടുത്തുമില്ല. സദാ ലക്ഷ്മീദേവിയുടെ കടാക്ഷം പിള്ളുളയിൽ കളിയാടിക്കൊണ്ടിരുന്നു എന്നു സാരം.

൨൬. എല്ലാം അലങ്കാരങ്ങൾക്കും അലങ്കാരമായി. സംവനനം=വശീകരണം. സ്വാഭിസാരം = ചതുരംഗസൈന്യത്തിന്റെ ഒന്നുചേൎന്നുള്ള പടപുറപ്പാട്.

൨൭. ആവരണാംശുകം=തിരശ്ശീല. ദപ്പകൻ= കാമൻ. ദശ്ശുത്രൂപം=കുത്സിതമായ രൂപം.

൨൮. ഈഹാമൃഗം=ചെന്നായ്. രുക്മചൈത്യം= സ്വർണ്ണംകൊണ്ടു തീർത്ത ശ്മശാനായതനം.

൩൦. വായുഭക്ഷകമായ പാമ്പിനെ ആകർഷംതന്നെ പ്രാണവായുകൊണ്ടു തൃപ്തമാക്കാം; താൻ കടിക്കുന്നവനെ കൊന്നാൽ പന്നഗി ചരിതാത്ഥയാവുന്നു.

൩൧. അർഗ്ഗളം=സാക്ഷ; പ്രതിബന്ധം. സകൃൽ= ഒരു തവണയുള്ള. ഖദ്യോതം=മിന്നാമിനുങ്ങ്. ചമ്മം= തപക്ക്. അകത്തേക്കു ചുഴിഞ്ഞുനോക്കുവാൻ അതിനു ശ ക്തിയില്ലെന്നു താല്പര്യം.

൩൨. പശ്യതോഹർത്രി = പിടിച്ചുപറിക്കാരി. രാജാവുവേണം പിടിച്ചുപറി നിർത്തുവാൻ; അദ്ദേഹം (ചന്ദ്രൻ) അവളുടെ മുഖത്തിനു മുമ്പുതന്നെ ദാസദാസനു മാണ്.

൩൪. മൂർദ്ധജം=കബരി. വ്യാളം=പാമ്പ്. നിർമ്മോ കം=പാമ്പിൻചട്ട. പാണ്ഡിമ = വെളുപ്പ്. മാത്ത ടത്തിലെ കുചത്തിൻെറ കാഠിന്യം ഹൃദയത്തിൻെറ ദൌ ഷ്ട്യത്തെ കണ്ണാടിപോലെ കാണിക്കുന്നു. പാതാളത്തേ യ്ക്കു് ഇറങ്ങാനുള്ള കോണിയാണു് രോമാളി. അവിടെ കരിമ്പാമ്പിൻെറ ഒളി കാണുന്നതു സ്വാഭാവികമാണ ല്ലോ. മേഷമുഗ്ദ്ധർ=ആട്ടുകളേപ്പോലെ മണ്ടന്മാർ.

൩൫. ദീനാരം=പഴയകാലത്തെ ഒരുവക സ്വർണ്ണ നാണയം. ആഭോഗം=വിസ്താരം. അത്താണിക്കല്ല്=ചുമടു താങ്ങി.

൩൭. പ്രാകൃതമാകാരം=നൈസൎഗ്ഗികമായ രൂപമാണല്ലോ സ്നാനത്താൽ സിദ്ധിക്കുന്നതു്; വികൃതമായ രൂപമെന്നും അൎത്ഥം. കൈവല്യം=മോക്ഷമെന്നും നിസ്സഹായത എന്നും.

൩൮. ഭകാരം കഴിഞ്ഞാണല്ലോ മകാരം അക്ഷരമാലയിൽ പഠിക്കുന്നതു്. ഭുക്തി (ഭോഗം) കഴിഞ്ഞിട്ടാവട്ടെ മുക്തി. കൎമ്മഠർ=യാഗാദികൎമ്മനിഷ്ഠർ. ഹോമധൂമത്താൽ അന്ധന്മാരായിപ്പോയവർ. ആമ്നായപൂതം=വേദോച്ചാരണത്താൽ വിശുദ്ധം.

൪൦. വൎണ്ണികൾ=ബ്രഹ്മചാരികൾ. ക്രവ്യാദർ=രാക്ഷസർ. ധൂളി=വേശ്യ. ആനാസം=മൂക്കമുട്ടെ. പ്രേക്ഷാവന്മൌലികൾ=ബുദ്ധിമാന്മാരിൽ വച്ചു ശ്രേഷ്ഠന്മാർ. 'തത്ത്വമസി'=നീതന്നെ പരബ്രഹ്മം; എന്നു വേശ്യയെ നോക്കി യോഗിമാർ പറഞ്ഞു.

൪൧. "പതിവ്രതാ ചൈകപതീ; ദ്വിതീയേ കുലടാ സ്മൃതാ;
തൃതീയേ വൃഷലീ ജ്ഞേയാ; ചതുൎത്ഥേ പുംശ്ചലീ സ്മൃതാ;
വേശ്യാ ച പഞ്ചമേ ഷഷ്ഠേ യുങ്ഗീവാ സപ്തമേഽഷ്ടമേ;
തത ഊൎദ്ധ്വം മഹാവേശ്യാ സാഽസ്പൃശ്യാ സൎവ്വജാതിഷു.

* * * * *

മഹാവേശ്യാകാമുകശ്ച ജായതേ ശാല്മലിസ്തരുഃ" എന്നു ബ്രഹ്മവൈവൎത്തപുരാണം.

ശാല്മലി=ഇലവുമരം. 'സ്ഥിരായുശ്ശാല്മലീർഭവയോഃ' എന്നമരം. കാട്ടിൽ ഇലവ് അറുപതിനായിരം വർഷം ജീവിച്ചിരിക്കുമെന്നു ലോകോക്തി.

൩൯. പൊന്നെണ്ണ=ധനമാകുന്ന എണ്ണ.

൪൰. സംഗ്രാസ=എല്ലാത്തിനേയും മിഴുങ്ങുന്നവൾ. കാമുകാശ മൃത്യുഗ്രസ്തയാണു്; കാമുകർ ഹതാശരായി എന്നു താല്പൎയ്യം. ഹാസത്തോടുകൂടിയുള്ള അവളുടെ നോട്ടം കുത്സിതമായ തിലാഞ്ജലിയായ് തീരുന്നു. തിലത്തിന്റെ സ്ഥാനത്തു ദൃഷ്ടിപാതവും, ജലത്തിന്റെ സ്ഥാനത്തു ഹാസവും യോജിപ്പിക്കണം. അങ്ങനെ ഹതാശരായ കാമുകർ ശിവനെപ്പോലെ ഭിക്ഷാടനം ചെയ്യേണ്ടിവരുന്നു. അവരും ശൂലികൾ ആണു്. പക്ഷേ, ശിരഃശൂലം (തലവേദന) ആണു് അവൎക്കുള്ളതു്. തീ നെറ്റിയിൽ അല്ല, ഹൃദയത്തിൽ; ജലം ശിരസ്സിലല്ല, കണ്ണിൽ. അർദ്ധചന്ദ്രൻ ശിരസ്സിലല്ല, കഴുത്തിൽ (ഗളഹസ്തം ചെയ്യപ്പെട്ടവർ എന്നു താൽപര്യം).

൪൧. ഐളൻ=ഇളയുടെ പുത്രൻ; പുരൂരവസ്സ്. ഐളർ=ഇളയിൽ സംഭവിച്ചവർ; സകലമനുഷ്യരും (ജാതിമതവയോഭേദമില്ലാതെ) എന്നു താൽപര്യം.

൪൨. ശുല്കം=ഭോഗദ്രവ്യം. ആകല്പമണ്ഡനം= ആഭരണങ്ങളേക്കൊണ്ടു് അണിയൽ. ചതുൎവ്വൎഗ്ഗങ്ങൾ=ധൎമ്മാൎത്ഥകാമമോക്ഷങ്ങൾ. ഇവയേ നാലു പാതകൾ ആയി സംകല്പിച്ചു പിള്ളേളയെ (ശൃങ്ഗാടം) നാൽക്കവലയായി ഉല്ലേഖനംചെയ്യുന്നു.

൪൩. വ്യാത്തം=തുറന്നതു്. നാരകം=നരകം.

൪൯. ദൃപ്തം=ദർപ്പത്തോടുകൂടിയവർ.

൫൦. ശില്പജവും (വസ്ത്രാലങ്കാരാദികൾ) പ്രാകൃതവും (വയസ്സന്ധ്യാദികൾ) ആയ സാമഗ്രി നൽകുന്ന ശ്രേഷ്ഠത.

൫൨. മത്സ്യധ്വജായതനാഗ്രം = കാമദേവക്ഷേത്രത്തിൻെറ പുരോഭാഗം. ഉത്സൃഷ്ടർ ഉക്ഷാക്കൾ നിർവ്വിഷാണർ=അഴിച്ചുവിടപ്പെട്ട കൊമ്പില്ലാത്ത ക്രൂരന്മാർ. കാമദേവന്നു ബ്രഹ്മാവ് വൃഷഭോത്സർജ്ജനം ചെയ്യുന്നതായി ഉല്ലേഖം. മിഷ്ടാന്നം=മധുരാന്നം. പ്രത്യേകിച്ചു രമിക്കാനുള്ളതാണു് ചൈത്രത്തുവിലെ പൌർണ്ണമാസീരാത്രി.

൫൩. പ്രത്യൂഹം=തടസ്സം. വഴിയിൽ തടസ്സമില്ല; ഉണ്ടികകൾ തുറന്നിട്ടുണ്ടു്; തനിക്കു വിപരീതമായി രാജശാസനമുണ്ടാകുമെന്നു ഭയവുമില്ല. പിന്നെയെന്താണു് ഈ കുഴപ്പം? പീയൂഷധാമാവ്=ചന്ദ്രൻ.

൫൪. തൂണി=ആവനാഴി. ഗാണിക്യം=വേശ്യകളുടെ കൂട്ടം. ഭൃതി=ധനം.

൫൫. ഉപസ്കാരകം=അലങ്കാരത്തിനുള്ള സാധനം.

൫൬. പാണ്ഡ്യരാജ്ഞി ധരിച്ചിരുന്ന മുത്തുമാലകൾ വില്പാനായി വന്നിട്ടുള്ളതു വാങ്ങുവാൻ പിങ്ഗള ആഗ്രഹിക്കുന്നു. ശില്പവിദ്യയുടെ രഹസ്യം കൈവശമുള്ള പണിക്കോപ്പുകളെ ആശ്രയിച്ചിരിക്കുന്നു.

൫൭. നീവി=മൂലധനം; മടിക്കുത്തു് എന്നും. മെയ്സ്യമന്തകം=ശരീരമാകുന്ന സ്യമന്തകം. എട്ടെട്ടുഭാരം കനകം പെറുന്നതാണല്ലോ സ്യമന്തകരത്നം. ഈ സ്യമന്തകം അന്നു് ഒരു മഹാരത്നമതുവിനെത്തന്നെ പ്രസവിക്കേണ്ട

൮൨. മഞ്ചവും കോശവുംപോലെ ശൂന്യം. അന്നത്തെ രാത്രിയിൽ ഭണ്ഡാരത്തിൽ പണമൊന്നും വീണിട്ടില്ല. വാതായനം=ജന്നൽ. കുറുനിരകളാകുന്ന ചെറിയ മേഘങ്ങളുടെ കാൽപ്പാട്ടുകളിൽ (അടിയിൽ) ഭ്രുകുടികളാകുന്ന അലകളെ ആടിച്ചു. കോപത്താൽ ഭ്രുകുടി അളകങ്ങളോളം ഉയൎന്നു എന്നു സാരം. ദൈവത്തിൻ മാൽ=ദൈവം നൽകിയ ദുഃഖം.

൮൩. മൎമ്മരം സീൽകാരദ്യോതകമാകുന്നു. അവിടത്തെ പൈങ്കിളിക്കുഞ്ഞു് വെറുതേ 'വന്നാലും' എന്നു പതിവുപോലെ ചിലയ്ക്കുകയായിരുന്നു.

൮൪. ശൂന്യതയാം സഖി........=പൂമച്ചിൽ ആരുംതന്നെയില്ലായിരുന്നു. ഇനിമേൽ പിന്നുള്ള പറയുന്നതു മുഴുവൻ തന്നോടുതന്നെ ആണു്.

൮൫. ശ്യാമ=യൌവനമദ്ധ്യസ്ഥയായ സ്ത്രീ. ആറിരുപതു വയസ്സാണല്ലോ പൂൎണ്ണായുസ്സ്. അൎദ്ധരാത്രിയായാൽ ഷഷ്ടിപൂൎത്തി കാലമായി. മാൎജ്ജനി=ചൂലു്. ചൂലടിയിലും സുഖിക്കുന്നവരാണു് എന്റെ കാമുകർ.

൮൯. ദാന്തൻ=തപസ്വി. പുൽച്ചെറ്റ=പൎണ്ണശാല. ശൃങ്ഗാരരസത്തിനു പ്രവേശമില്ലാത്ത സ്ഥലമെന്നു ഭാവം.

൯൦. തന്റെ തൊഴിലിനു് ആദ്യമായി അന്നത്രേ വിഘ്നം നേരിട്ടതു്. അഭിസാരിക=കാമുകനെത്തേടി സ്വയമേ പോകുന്നവൾ.

൯൧. അപമൎയ്യാദയ്ക്കും കീഴ്മൎയ്യാദവേണം.

൯൨. •വിറകു് എങ്ങനെ കുറേനേരം തീക്കനലായും, പിന്നീടു് ചാരമായും തീരുന്നുവോ, അങ്ങനെ കാമുകർ കുറേനേരം വേശ്യാഗൃഹത്തിൽ ക്രീഡിക്കുഴികയും, പി

ന്നിട്ട് നിസ്തേജസ്കരായ് പുറംതള്ളപ്പെട്ടുകയും ചെയ്യുമെന്നു് താല്പര്യം.

൬൯. ബീജോവ്വി=ഞാററുകണ്ടം; വിളനിലം. ശീലാംശുകാക്ഷേപം=ശീലമാകുന്ന വസ്ത്രത്തിന്റെ അപഹരണം; വൃത്തഭംഗം. ശ്രീദർ=കുബേരർ; ധനം തരുന്നവർ. കർദ്ദമം=ചെളി. യാവകം=ചെമ്പഞ്ഞിച്ചാറു്. ഉദ്ബന്ധനം=തൂങ്ങിച്ചാകൽ. അവരുടെ ശാപവാക്കു് ഞാൻ കേട്ടു സന്തോഷിച്ചു.

൭൦. കാൽപ്പാട്ടിൽകണ്ണുമായി=അധോമുഖിയായി.

൭൧. ദാസിയായ നിനക്കു നിഷ്കൃതി, ആ മാതിരിയിലുള്ള കണ്ണുനീരാകുന്ന മുത്തിനാൽതന്നെയാകുന്നു നേടേണ്ടതു്. നിർവ്വേദം=വിരസത. രാജസപീഡ=രജോഗുണസംബന്ധമായ പീഡ എന്നും, പൊടികൊണ്ടുള്ള ഉപദ്രവം എന്നും.

൭൨. പുഷ്കലോഡുക്കൾ=പൂർണ്ണങ്ങളായ നക്ഷത്രങ്ങൾ. സന്താനശാഖി=കല്പവൃക്ഷം.

൭൩. അക്ഷം=ഇന്ദ്രിയം. ദൈവം അനുകൂലമായാൽ മിന്നാമിനുങ്ങ് സൂര്യനായും, പ്രതികൂലമായാൽ സൂര്യൻ മിന്നാമിനുങ്ങായും തീരും. ദൈവം അനുകൂലമായാൽ ഒരിടത്തും തടസ്സമില്ല, അല്ലെങ്കിൽ നോക്കുന്നേടിക്കെല്ലാം കൻമതിൽതന്നെ.

൭൪. ഇരുക്കാലികളെന്നു കാമുകരെ ഉദ്ദേശിച്ചു പറയുന്നു.

൭൫. ആലേഖ്യം=ചിത്രം.

൭൬. പ്രതിച്ഛന്ദം=ചിത്രം.

൯൧. അസ്നേഹദീപികകൾ=സ്നേഹമില്ലാത്ത വിളക്കുകൾ (എണ്ണയില്ലാതെ കത്തുകയാൽ അദ്ഭുതദ്യോതകം).

൯൨. ഹ്രീമുഖ്യഭൂഷമാർ=ലജ്ജ മുതലായ ആഭരണങ്ങൾ അണിയുന്നവർ. ആപ്യാർത്ഥം=പ്രാപിക്കേണ്ട അർത്ഥം; പുരുഷാർത്ഥം. മാർമ്മിക=മർമ്മജ്ഞ. സ്വർധുനി=ഗംഗ. ദ്വിതീയാശ്രമം=ഗൃഹസ്ഥാശ്രമം. ഭൂരമമാർ=ഭൂമിയിലെ ലക്ഷ്മീദേവിമാർ.

൯൩. കുലസ്ത്രീകൾ ശരൽകാലത്തിലെ നദികളെപ്പോലെ അകവും പുറവും സ്വച്ഛതയുള്ളവരാണ്. വേശ്യകൾ വർഷകാലത്തിലെ കൂലങ്കഷമായ പ്രവാഹത്തോടുകൂടിയ നദികളോ, അല്ലെങ്കിൽ വേനൽക്കാലത്തിലെ മണൽത്തിട്ടകളോ ആണ്.

൯൪. ഹാടകക്കുമാറ്=സ്വർണ്ണപർവ്വതം.

൯൫ ദ്രവിണം=ദ്രവ്യം.

൯൬. ധാതു=ലോഹം, ഐശ്വര്യഭാരത്തിന്റെ ഫലംകൊണ്ട് താഴോട്ടുപോകുകയല്ലാതെ, ഉയരുകയില്ലെന്നു താൽപര്യം.

൯൭. ഞാൻ തലമുടിയെന്നപോലെ, ഈ ദീപങ്ങൾ കജ്ജളം മൂർദ്ധാവിൽ വഹിച്ചുകൊണ്ട് എന്റെ പ്രാപ്യസ്ഥാനം അന്ധതാമിസ്രനരകമെന്നു പറയുന്നു.

൯൯. രുക്മകൂടം (സ്വർണ്ണപർവ്വതശിഖരം) എന്നതിന്റെ ധനമൂത്ത ഉദ്ദേശിച്ച് പിങ്ഗള പറയുന്നു.

൧൦൧. നന്മയിൽക്കോലം=നല്ലവിധത്തിൽ അലങ്കാരം എന്നും, നല്ല മയിലിന്റെ രൂപം എന്നും.

൧൦൨. ആയുർദ്രുമൂലത്തിൽ=ആയുസ്സാകുന്ന വൃക്ഷത്തിന്റെ ചുവട്ടിൽ. ഹൃൽസ്പന്ദവേദ്യം=നെഞ്ചിന്റെ തുടിപ്പിനാൽ അറിയത്തക്കതു്.

൧൦൩. ചാം=മരിക്കും.

൧൦൪. പ്രസ്ഥാനദിഗ്രേഖ=പുറപ്പെടേണ്ട ദിക്കിന്റെ വര (അതിരു്). ലക്ഷ്യാഗ്രം=പ്രാപ്യസ്ഥാനത്തിന്റെ അററം. ആയാമം=ദൈർഘ്യം.

൧൦൫. നീരജസ്കം=രജസ്സില്ലാത്തതു്. പൊടിയെന്നും, രജോഗുണമെന്നും.

൧൦൬. ക്ലിന്നം=നനഞ്ഞതു്.

൧൦൭. ദന്താന്തവർത്തി=പല്ലുകൾക്കിടയിലിരിക്കുന്നതു്.

൧൧൦. സ്വപ്നചിത്രോപമമാണു് ജീവിതമെന്നു പറയുന്നു.

൧൧൧. കാലം പ്രതിദിനം അതിന്റെ ഭക്ഷണത്തെ സൂര്യനാകുന്ന തീയിൽ പാകംചെയ്യുന്നു. എന്നും ജീവികൾ കാലധർമ്മത്തെ പ്രാപിക്കുന്നു എന്നു താൽപര്യം. ഇച്ചൊടിമൂവന്തിച്ചോപ്പൊളി=എന്റെ അധരമാകുന്ന (ക്ഷണഭങ്ഗുരമായ) സന്ധ്യാരാഗത്തിന്റെ കാന്തി. കൈശികം=കബരി.

൧൧൨. ആക്ഷേപഗർഭമാം പുഞ്ചിരി......=തലമുടി നരച്ചുപോകുന്നതിനെ വ്യഞ്ജിപ്പിക്കുന്നു. കാല്യം=പ്രഭാതം.

൧൧൩. ഗോമായു=കുറുക്കൻ. ഗൃദ്ധ്രം=കഴുകൻ.

൧൧൭. പീതം=മഞ്ഞ. സ്ത്രീകളുടെ സ്വർണ്ണവർണ്ണത്തേയും കബരിയേയും, കുചങ്ങളേയും സൂചിപ്പിച്ചു പറ

൧൧൮. അന്തർദൃക്=തത്വനിരീക്ഷണത്തിനുള്ള ശക്തി. ശിവൻ കാമനേക്കൊന്നതു ലലാടാക്ഷിയാലാണു്; അന്തർദൃഷ്ടിയാൽ ആൎക്കും കാമനെ കൊല്ലാം.

൧൧൯. അഞ്ജനത്തെ കാളിന്ദിയോടും, ബാഷ്പത്തെ ഗംഗയോടും ഉപമിക്കുന്നു.

൧൨൧. ഹൃദ്വനം=ഹൃദയമാകുന്ന കാടു്. ഭേദം=ഭേദനം. കൎമ്മസാക്ഷി=സൂൎയ്യൻ. സുപ്രാതം=നല്ല പ്രാതഃകാലം. കുക്കുടശാബങ്ങൾ=കോഴിക്കുഞ്ഞുങ്ങൾ.

൧൨൩. മന്ദുര=ലായം. ആളാനതാപിഞ്ഛരം=ആനയെ തളയ്ക്കാനുള്ള പച്ചിലമരം. ഇന്ദ്രനീലോപലമന്ദുരയും, ആളാനതാപിഞ്ഛരവും ശ്രീരാമവിഗ്രഹത്തെ സൂചിപ്പിക്കുന്നു.

൧൨൪. ഭ്രമിതൻ ധാതാവു്=ഈശ്വരനാണല്ലോ വിശ്വനിൎമ്മാതാവു്; തന്നിമിത്തം അങ്ങനെ അഭിസംബോധനം ചെയ്യുന്നു. ഭൎത്താവു് രാജാവാകയാലും; ജാമാതാവു് ജാനകീകാന്തനാകയാലും.

൧൨൫. ഗംഗ ഭഗവാൻെറ പാദത്തിങ്കൽ നിന്നുണ്ടായി എന്നു പ്രസിദ്ധം. യാതൊന്നു തൊട്ടു കൽ...=അഹല്യാമോക്ഷത്തെ സൂചിപ്പിക്കുന്നു. ഗംഗയാൽ പാതകം മാറി പാഷാണം സ്ത്രീയാകുമെന്നു് താൽപൎയ്യം.

൧൨൬. സമുദ്രത്തിലെ തിരയെ വേശ്യയായും, അതിലെ സേതുവിനെ അവളുടെ സീമന്തമായും, ഭഗവാൻ്റെ പാദത്തെ അതിലെ സിന്ദൂരരേഖയായും ഉല്ലേഖനം ചെയ്യുന്നു.

൧൨൭. ഹനുമാൻ സദാ ചഞ്ചലമായ വായുവിൻെറ മകൻ ആണു്; പോരെങ്കിൽ കുരങ്ങും ആണു്. എന്നിട്ടും ഭഗവദ്ഭക്തിയാൽ ധീരനായിത്തീൎന്നു.

൱൩൦ ബർഹി=മയിൽ. ഭുജങ്ഗാരിവാഹൻ=ഗരുഡവാഹനൻ. ഭുജങ്ഗർ=ധൂർത്തർ.

൱൩൧. ഭോഗികൾ=ഭോഗശീലന്മാരെന്നും, പാമ്പുകളെന്നും. പൂമാല അന്നന്നു മാററുന്നതുപോലെ കാമുകരേയും മാററും എന്നു് വ്യങ്ഗ്യം.

൱൩൨. വസിഷ്ഠൻ ശ്രീരാമനു് ജ്ഞാനോപദേശം ചെയ്യുന്നതു് ജ്ഞാനവാസിഷ്ഠമെന്ന ഗ്രന്ഥത്തിൽനിന്നു് മനസ്സിലാക്കാം.

൱൩൩. ആയത്തം=അധീനം. പരൻ പൂരുഷൻ=അന്യപുരുഷനെന്നും, പരമപുരുഷനെന്നും. പത്മി=നാഭിയിൽ പത്മത്തോടുകൂടിയവൻ; മഹാവിഷ്ണുവിൻെറ ഒരു പര്യായം; കൊമ്പനാന എന്നും. ത്വദ്വശ=അങ്ങയ്ക്കു് അധീന; അങ്ങയുടെ (വശ) പിടിയാന എന്നും.

൱൩൪. യാതായാതം=പോക്കും വരവും. ശുണ്ഡ=മദ്യവിക്രയശാല. അതീതജന്മങ്ങളിൽ പിങ്ഗള എത്രയോ അപ്സരസ്ത്രീകളായും, ദിക്പാലന്മാരായും ജീവിച്ചിരുന്നിരിക്കാം എന്നു പറയുന്നു.

൱൩൫. സൂത്രാഗ്രം=ചരടിൻെറ അററം. 'ക്ഷീണേ പുണ്യേ മർത്ത്യലോകം വിശന്തി' എന്നുണ്ടല്ലൊ. ഉത്സേകം=ഗർവ്വം. അത്താമ്ര......=ആ കോഴിയുടെ മുകളിലോട്ടും താഴോട്ടുമുള്ള പറക്കൽ. വസ്ത്രത്തിൽ മാലിന്യവും, മാല്യത്തിൽ മ്ലാനിയും, ദേഹത്തിൽ വിയർപ്പുമുണ്ടാകുന്നതു്, പതിക്കുവാൻ പോകുന്ന ദേവന്മാരുടെ ലക്ഷണമാണു്.

൯൪൦. നീ പോയ്ച്ചേരുന്ന മഹർലോകത്തിൽനിന്നു് ഒരിക്കലും വീഴുകയില്ല. അവിടത്തെ ജാഗരത്തിന്നു് സ്വാപദോഷമില്ല; ആവിടത്തെ ആദിത്യൻ അസ്തമിക്കുകയില്ല. 'പുണ്യ...=പുണ്യമാകുന്ന അമൃതത്തിന്റെയും, പാപമാകുന്ന വിഷത്തിന്റെയും ഭക്ഷണം.

൯൪൧. ആസാദ്യം=പ്രാപ്യം. ഉദ്ധാരം=കരക്കേറ്റം.

൯൪൨. മകരാലയം=സമുദ്രം.

൯൪൩. നാലാശ=നാലുദിക്കു്. സർവ്വാശാജൈത്രി=എല്ലാ ആഗ്രഹങ്ങളേയും ജയിക്കുന്നവൾ. ഖർവ്വാതിഖർവ്വം=കുറിയതിനേക്കാൾ കുറിയതു്.

൯൪൪. അംബികയുടെ പിതാവു് ഹിമവൽപർവ്വതം, വിദേഹരാജ്യത്തിന്റെ ശിരസ്സു്. ഗംഗ, കാലാകുന്ന താമരയെ പ്രസവിക്കുന്ന ചെളി. ഗംഗയെക്കാൾ ഈ രാജ്യം പാവനമെന്നു് ധ്വനി. വലത്തുകൈ സാലഗ്രാമങ്ങൾ വിളയുന്ന ഗണ്ഡകീനദി. അനവധി (സാലം) വപ്രങ്ങളെ നിർമ്മിക്കാൻ ശക്തിയുള്ള വലത്തുകൈ എന്നും താൽപര്യം. വിദേഹരാജ്യത്തിന്റെ വടക്കേ അതിർത്തി ഹിമവൽപർവ്വതവും, തെക്കേ അതിർത്തി ഗംഗയും, പടിഞ്ഞാറെ അതിർത്തി ഗണ്ഡകീനദിയും, കിഴക്കേ അതിർത്തി കൌശികീനദിയും ആയിരുന്നു.

"അനന്തം ബത മേ വിത്തം യസ്യ മേ നാസ്തി കിഞ്ചന മിഥിലായാം പ്രദീപ്തായാം ന മേ ദഹ്യതി കിഞ്ചന" ഇത്യാദി ജനകവാക്യങ്ങൾ, ഭാരതം ശാന്തിപർവ്വം നൂറ്റെഴുപത്തെട്ടാം അദ്ധ്യായത്തിലും മററും കാണാം. വാചക്നവി=ഗാർഗി. ബൃഹദാരണ്യകോപനിഷത്തു വളരെ വലുതാകയാൽ, അതിന്റെ 'വാല്ലെഴുംമാല'യെന്നു കവി പറയുന്നു.

"അഥ ധർമ്മയുഗേ തസ്മിൻ യോഗധർമ്മമനുഷ്ഠിതാ
മഹീമനുചചാരൈകാ സുലഭാ നാമ ഭിക്ഷുകീ."

എന്നു തുടങ്ങിയുള്ള പദ്യങ്ങളിൽ, ഈ സുലഭയെ ന്നു ബ്രഹ്മവാദിനിയുടെ ഉപാഖ്യാനം ഭാരതം ശാന്തിപർവ്വം മുന്നൂററിരുപതാമദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. സൈരന്ധ്രീസംത്രാണ........=മിഥിലോപവനത്തിലാണു് അഹല്യാമോക്ഷം എന്നു മുൻപു് ഉപന്യസിച്ചുവല്ലൊ.

൪൮. ഷഡ്വർഗ്ഗങ്ങൾ=കാമക്രോധലോഭമോഹമദമാത്സര്യങ്ങൾ. ഉന്നമ്രകന്ധരബന്ധുര=ഉയർന്ന കഴുത്തിനാൽ ശോഭിക്കുന്നവൾ. ഭൌമം=ഭൂമിയെ സംബന്ധിക്കുന്നതു്.

൪൯. വൈതാനപാവകൻ=യാഗാഗ്നി.

൫൰. അർദ്ധരാത്രിയിൽ വേശ്യയുടെ മുറി സാധാരണമായി വീണാവാദനത്താലും മററും ശബ്ദായമാനമാണു്.

൫൰൧. ശൃങ്ഗാരത്തിനെ ഭാവമാക്കി കീഴടക്കുന്നു ശാന്തമായ രസം.

൫൰൨. നേദിഷ്ഠം=സമീപം. ആ മാളികയിൽ നിദ്ര അർദ്ധരാത്രിയിൽ അന്നാണാദ്യമായിവരുന്നതു്.

൫൰൩. ശിവൻ മുൻപു കാമനെ ദഹിപ്പിച്ചു. അന്നു ശക്തിയാണു് ദഹിപ്പിച്ചതു്. പൂനിലാവിനെ ഭസ്മത്തോടു് ഉപമിക്കുന്നു.

൧൨൭. ജനനം നീ ഉറക്കത്താൽ മരിക്കുന്നു. നാളെ എഴുന്നേൽക്കുമ്പോൾ നീ വേറെ ഒരു ജന്മം ആരംഭിക്കും.

൧൨൮. "ശാന്തഃ ശമസ്ഥായീഭാവ ഉത്തമപ്രകൃതിർമ്മതഃ
കുന്ദേന്ദുസുന്ദരച്ഛായഃ ശ്രീനാരായണദൈവതഃ."

എന്നു സാഹിത്യദർപ്പണം. ശ്വേതദ്വീപപതി എന്നു ശ്രീനാരായണനു പേരുണ്ടു്. ഭസ്മലേപനത്താലാണു് പിങ്ഗള അങ്ങനെ തീർന്നതു്.

൧൨൯. അന്നു പിങ്ഗള സാക്ഷാൽ മഹാവിഷ്ണുവിന്റെ ദാസിയായി.

൧൩൦. ഇൻഡ്യ മൂകത്വത്താൽപ്പോലും അദ്ധ്യാത്മോപദേശം ചെയ്യുന്നു. ദക്ഷിണാമൂർത്തിയെപ്പറ്റി, 'ഗുരോസ്തു മൌനം വ്യാഖ്യാനം ശിഷ്യാസ്തുച്ഛിന്നസംശയാഃ' എന്നുണ്ടല്ലോ.

൧൩൧. ഭൂമിയുടെ ശൈശവത്തിൽ മനുഷ്യരെല്ലാം അപരിഷ്കൃതർ ആയിരുന്നു. ഇൻഡ്യയിൽ മാത്രമാണു് ആദിത്യനു ഗായത്രീമന്ത്രം കേൾക്കുവാൻ ഇടവന്നതു്.

൧൩൨. ധ്രുവൻ, പ്രഹ്ലാദൻ, മാർക്കണ്ഡേയൻ—ഇവരുടെ കഥകൾ സൂചിപ്പിക്കുന്നു.

൧൩൩. പാർവ്വതിയുടെ കഥ സൂചിപ്പിക്കുന്നു. ഇവിടെ പിങ്ഗളയും ചീരാംശുകം (വല്ക്കലം) ആണല്ലോ ചാർത്തിയതു്.

൧൩൪. കാകതാലീയം=യദൃച്ഛാസംഭവം. അന്നു യാദൃച്ഛികമായി മാത്രമാണു് കാമുകർ വരാഞ്ഞതു്. എന്നും പിങ്ഗള ആ യദൃച്ഛാസംഭവത്തെ ആചാര്യനായി സ്വീകരിച്ചു ബ്രഹ്മവാദിനിയായിത്തീർന്നു.

൧൩൫. ശബ്ദഗ്രഹം=ചെവി.

ശുഭം.

പ ലി.

ചേലപ്പറമ്പിനെ വാർദ്ധക്യത്തിലും ധൂൎത്തനായി കാലയാപനം ചെയ്തിരുന്നതു കണ്ടു് പലരുംകൂടി ഗുരുവായൂരിൽവച്ചു് കഠിനമായി ആക്ഷേപിച്ചപ്പോൾ ആ മഹാകവി പ്രാപ്തവൈരാഗ്യനായി നടയ്ക്കൽമണ്ഡപത്തിൽ "അബ്ദാർദ്ധേന" ഇത്യാദി ശ്ലോകം ചൊല്ലി നമസ്കരിച്ചതാണെന്നും, നമസ്കരിച്ച ദിക്കിൽനിന്നു് പിന്നെ എഴുന്നേററില്ലെന്നും, കേട്ടിട്ടുണ്ടെന്നു് മഹാവിദ്വാൻ പുന്നശ്ശേരി നമ്പി നീലകണ്ഠശൎമ്മാ അവർകൾ എഴുതിയയച്ചിരിക്കുന്നു. മണ്ഡപത്തിലല്ല, വാതൽമാടത്തിന്റെ വടക്കേ ഭാഗത്തിലാണെന്നും, പക്ഷാന്തരമായി കേട്ടിട്ടുണ്ടെന്നും ആ എഴുത്തിൽ കാണുന്നു.

17 DEC 1942

25962

MUL
055368